marggam
Digital Library of Christianity in India
www.marggam.com


RESOURCES FOR RESEARCHERS

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

# Aradhanakrama Vinjanakosham

(Encyclopaedic Dictionary Liturgy)

## ആരാധനക്രമ വിജ്ഞാനകോശം





www.TheCMSIndia.org

| | |
|---|---|
| Call Number | RR-1371/WM |
| Title | Aradhanakrama Vinjanakosham (Encyclopaedic Dictionary Liturgy) ആരാധനക്രമ വിജ്ഞാനകോശം |
| Topic | ആരാധനക്രമ വിജ്ഞാനകോശം |
| Author | Dr. Jacob Vellian |
| Publisher/Year | OIRSI, Vadavathoor /2003 |
| Edited by | Dr. Jacob Vellian & Mar Makel Gurukulam |
| ISBN | 81-88456-04-7 |
| Printed at | WiGi Printers,Manganam |
| Total Pages | 1039 |
| Language | Malayalam |
| Copyright | Author/Publisher |
| Contributor | Ann Lia Wilson |
| Key Words | #AradhanakramaVinjanakosham #OIRSI #Vadavathoor #WiGiPrinters #Manganam #EncyclopaedicDictionaryLiturgy #MarMakelGurukulam #DrJacobVEllian #kottayam |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA




www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# ആരാധനക്രമ വിജ്ഞാനകോശം

WILSON MURIYADAN
THRISSUR

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

SYRIAN CHURCHES SERIES - 18

# ആരാധനക്രമ വിജ്ഞാനകോശം

റവ. ഡോ. ജേക്കബ് വെള്ളിയാൻ

OIRSI

No.267

OIRSI PUBLICATIONS
VADAVATHOOR P.O., KOTTAYAM - 686010
KERALA, INDIA

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

(Malayalam)

# Aradhanakrama Vijnanakosham

(Encyclopaedic Dictionary of Liturgy)

*Edited by* : Rev. Dr. Jacob Vellian
Mar Makel Gurukulam
DRC Post
Bangalore - 560029
Ph: 080 - 6685521

© reserved to the editor

Published by : OIRSI Vadavathoor
Syr.Ch. Series
Kottayam

First published : March 2003

Copies : 1500

Price : Rs. 550/-

Type setting : Zensonic Computers, Kottayam

Printed at : WiGi Printers, Manganam Ph: 0481 - 2570862

ISBN : 81-88456-04-7

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



# മുഖവുര

കാലത്തിന്റെ നീലക്കയത്തിൽ നിന്നെന്നപോലെ ചില സ്മരണകളുടെ കുമിളകൾ എന്നിൽ ഉയർന്നുവരുന്നു.

1958-ൽ റോമിൽ ദൈവശാസ്ത്രപഠനത്തിനു എത്തിയ കാലഘട്ടം മുതൽ എന്നിൽ അങ്കുരിച്ച ലിറ്റർജിയോടുള്ള പ്രതിപത്തി, പഠനം വഴിയും പ്രസിദ്ധീകരണം വഴിയും വളർത്താൻ ഞാൻ ശ്രമിച്ചു. വളരെ നീണ്ടുനിന്ന ആ യത്നത്തിന്റെ ഫലമാണ് ഈ ആരാധനക്രമവിജ്ഞാനകോശം. ഒട്ടേറെ ആരാധനക്രമപണ്ഡിതരെ കോർത്തടുപ്പിച്ചു രൂപംകൊടുത്ത മലയാളത്തിലെ ഈ പ്രഥമ ആരാധനക്രമ വിജ്ഞാനകോശത്തിനു പല സവിശേഷതകളുമുണ്ട്.

മറ്റു ഭാഷകളിലുള്ള ഈദൃശ വിജ്ഞാനകോശങ്ങൾ ലത്തീൻ റീത്തിനെമാത്രം കേന്ദ്രീകരിക്കുന്നതായിരിക്കെ ഈ ഗ്രന്ഥം പൗരസ്ത്യരും പാശ്ചാത്യരുമായ എല്ലാ സഭാവിഭാഗങ്ങളുടെയും ആരാധനക്രമങ്ങൾ സ്പർശിക്കുന്നതാണ്. ആയിരത്തോളം പേജുകളിൽ ആയിരത്തോളം വിഷയങ്ങൾ അർഹിക്കുന്ന രീതിയിൽ ഈ ഗ്രന്ഥത്തിൽ ചെറുതും വലുതുമായ ലേഖനങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നു. സീറോ മലബാർ, സീറോ മലങ്കര, റോമൻ റീത്തുകൾക്ക് ഇതിൽ ഊന്നൽ കൊടുത്തിട്ടുണ്ട്. ആംഗ്ലിക്കൻ, ലൂഥറൻ, സി.എസ്.ഐ. ലിറ്റർജികളും കണക്കിലെടുത്തിട്ടുണ്ട്.

മുസ്ലീം ഹൈന്ദവ ആരാധനാരീതികളും യഹൂദാരാധനയുടെ പ്രത്യേകതകളും ആദിവാസികളുടെ ആചാരങ്ങളും ഈ വിഷയങ്ങളിൽ പ്രാവീണ്യമുള്ളവർ അവതരിപ്പിച്ചിരിക്കുന്നു. പുരാതന ലിറ്റർജികളും സഭാപിതാക്കന്മാരുടെകാലത്തെ അവയുടെ വികാസപരിണാമങ്ങളും വ്യക്തമായി ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. ക്രൈസ്തവ ഹൈന്ദവ ആരാധനക്രമ പദാവലികൾ, മലയാളത്തിൽ ഉപയോഗിച്ചുവരുന്ന സുറിയാനി പോർട്ടുഗീസ് പദങ്ങൾ, A.D. 2030 വരെയുള്ള ഈസ്റ്റർ തീയതികൾ, ഇണ്ടറിയപ്പപാചകരീതി ഇവയൊക്കെ ലിറ്റർജി പഠിതാക്കൾക്കു താല്പര്യമുള്ള വിഷയങ്ങളാണല്ലോ. ഈ വിജ്ഞാനകോശത്തിൽ അവയും പ്രതിപാദിച്ചിട്ടുണ്ട്.

ആരാധനക്രമ നവോത്ഥാനം, ആരാധനക്രമ ദൈവശാസ്ത്രം, അടയാളങ്ങൾക്കും പ്രതീകങ്ങൾക്കും ആരാധനക്രമത്തിലുള്ള സ്ഥാനം, ആരാധനക്രമവത്സരം, ക്രൈസ്തവ ധാർമികതയുടെ സ്രോതസ്സായ ആരാധനക്രമം, ഇവയൊക്കെ ആരാധകർ അറിഞ്ഞിരിക്കേണ്ട വിഷയങ്ങളാണ്. ഇവയുടെ സംക്ഷിപ്ത വിവരവും ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുന്നുണ്ട്.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## ഉള്ളടക്ക സംവിധായകർ

1 അരീക്കര ജോൺ ഫാ., തിരുവനന്തപുരം
2. ആലഞ്ചേരി ജോർജ് ബിഷപ്, തക്കല
3. എം. വി. ജോർജ് ഫാ., പഴയ സെമിനാരി, കോട്ടയം
4. കല്ലറങ്ങാട്ട് ജോസഫ് ഡോ., വടവാതൂർ
5. കട്ടയ്ക്കൽ ജേക്കബ് ഡോ., U.S.A..
6. കയ്യാലപറമ്പിൽ തോമസ് ഡോ., ചങ്ങനാശ്ശേരി
7. കറുകപ്പറമ്പിൽ ജോർജ് ഡോ., ജർമ്മനി
8. കാഞ്ഞരമുകളിൽ സിൽവെസ്റ്റർ ഡോ., O.I.C., കോട്ടയം
9. കാര്യമഠം പോൾ ഡോ., കോതമംഗലം
10. കിഴക്കേഅരഞ്ഞാണിയിൽ മാത്യു ഡോ., പാലാ
11. കുരിക്കൂർ ജോർജ്ജ് ഡോ., പി.ഒ.സി.
12. കുര്യനാൽ ജെയിംസ് ഡോ., കോതമംഗലം
13. കുറിച്ചിയേൽ ഐസക് ഡോ., പാലാ
14. കുടപ്പുഴ സേവ്യർ ഡോ., കാഞ്ഞിരപ്പള്ളി
15. കുടിലിൽ ജോർജ് ഫാ., കോതമംഗലം
16. കൊല്ലാപറമ്പിൽ ജേക്കബ് ഡോ., കോട്ടയം
17. കൊല്ലംപറമ്പിൽ സെബാസ്റ്റ്യൻ ഡോ., ചെങ്ങനാശ്ശേരി
18. കോട്ടൂർ തോമസ് ഡോ., ന്യൂയോർക്ക്
19. കോട്ടയ്ക്കൽ ജോസഫ് ഡോ., എറണാകുളം
20. കോയിക്കൽ അജി അഡ്വ., കോട്ടയം
21. ചാവേലി ജെയിംസ് ഡോ., പാലാ
22. ചിക്കോളോനേ ജി. O.S.B. പ്രൊഫ., റോം
23. ചേടിയത്ത് ഗീവർഗ്ഗീസ് ഡോ., തിരുവനന്തപുരം
24. ടാഫ്റ്റ് റോബർട്ട് ഡോ., റോമാ SJ
25. തടിക്കാട്ട് ജിയോ ഫാ., കോതമംഗലം
26. തെള്ളി ഇമ്മാനുവൽ C.M.I., പാലാ
27. നടുവിലേഴം ജോസഫ് ഡോ., വടവാതൂർ
28. നരികുളം ആന്റണി ഡോ., ആലുവ
29. പണിക്കർ ഗീവർഗ്ഗീസ് ഡോ., സീറി, കോട്ടയം
30. പന്തപ്ലാക്കൽ മേരി S.H. ഡോ., തലശ്ശേരി
31. പറമ്പിൽ എബ്രാഹം ഡോ., കാഞ്ഞിരപ്പള്ളി
32. പാത്തികുളങ്ങര വർഗ്ഗീസ് ഡോ., ധർമ്മാരാം, ബാംഗ്ലൂർ
33. പുതിയാപറമ്പിൽ ചാക്കോ ഡോ., ആലുവ

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

34. പുത്തനങ്ങാടി പോൾ ഡോ., ബാംഗ്ലൂർ
35. പെരുന്തോട്ടം ജോസഫ് ബിഷപ്പ് ഡോ., ചങ്ങനാശ്ശേരി
36. പുല്ലാപ്പള്ളി ജോൺ, കോട്ടയം
37. പേഴുംകാട്ടിൽ അബ്രാഹം ഡോ., പാലാ
38. പൈങ്ങോട്ട് ചാൾസ് C.M.I., ഡോ., പുതുപ്പള്ളി
39. പൊറത്തൂർ ജേക്കബ് ഡോ.
40. ബ്രോക്ക് സെബാസ്റ്റ്യൻ ഡോ., ഓക്സ്ഫോർഡ്
41. മണലേൽ മാത്യു ഫാ., തിരുവല്ല
42. മണ്ണാർകുളം ആന്റണി ഡോ., ചങ്ങനാശ്ശേരി
43. മണ്ണൂരാംപറമ്പിൽ തോമസ് ഡോ., വടവാതൂർ
44. മൂലവീട്ടിൽ ലൂയിസ് O.I.C. ഡോ.
45. മൂലൻ ജോൺ ഡോ., വടവാതൂർ
46. മേനാച്ചേരി ജോർജ് പ്രൊഫ., തൃശൂർ
47. വടക്കേൽ ജയിംസ് ഫാ., കോതമംഗലം
48. വള്ളവന്തറ ആന്റണി C.M.I. ഡോ., മാന്നാനം
49. വാലുപറമ്പിൽ അബ്രാഹാം ഡോ., തിരുവനന്തപുരം
50. വാവാനിക്കുന്നേൽ ജോർജ് ഡോ., ജർമ്മനി
51. വെള്ളിയാൻ ജേക്കബ് ഡോ., ബാംഗ്ലൂർ
52. വെമ്പേനി കുര്യൻ S. പ്രൊഫ., വെട്ടിമുകൾ
53. വെള്ളാനിയ്ക്കൽ മാത്യു ഡോ., ചങ്ങനാശ്ശേരി
54. സൂസാപാക്യം ബിഷപ്, തിരുവനന്തപുരം
55. സൂസോ ഹെൻട്രി C.M.I.

---

ഉള്ളടക്ക സംവിധായകർ എന്ന ശീർഷകത്തിൽ
ഈ ഗ്രന്ഥത്തിന് ലേഖനം നൽകി സഹായിച്ചവരുടെ
ലിസ്റ്റു നൽകിയിട്ടുണ്ട്. എന്നാൽ എല്ലാ ലേഖനങ്ങൾക്കും ചുവടെ അതതിന്റെ
കർത്താക്കളുടെ പേരു ചേർക്കാൻ സാധിക്കാതെപോയിട്ടുണ്ട്. ഇത് അടുത്ത
പകർപ്പിൽ പരിഹരിച്ചുകൊള്ളാം.
ശ്രമകരമായ ഈ യത്നത്തിൽ മറ്റെന്തെങ്കിലും അപാകതകളുണ്ടെങ്കിൽ
എഡിറ്ററെ നേരിട്ടറിയിക്കാൻ താല്പര്യപ്പെടുന്നു.

---

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

വ്യവസായത്തിനും ഈ സ്ഥലം ഒരു മുഖ്യ സ്ഥാനമായിരുന്നു. ഗതാഗതസൗകര്യങ്ങൾ അരുവിത്തുറയെ പ്രസിദ്ധമാക്കി.

അരുവിത്തുറപ്പള്ളിക്ക് 'ഈരറ്റിടപ്പള്ളി' എന്ന പേരാണ് ആദിമനൂറ്റാണ്ടുകളിൽ ഉണ്ടായിരുന്നത്. ഇന്ന് പള്ളിയിൽ കാണുന്ന ശിലാലിഖിതങ്ങൾ അതിനു തെളിവാണ്. മാർത്തോമ്മാശ്ലീഹാ മലയാറ്റൂർക്കുള്ള യാത്രാമദ്ധ്യേ അരുവിത്തുറയിൽ മുട്ടുകുത്തി പ്രാർത്ഥിച്ച സ്ഥാനത്താണ് പള്ളി സ്ഥാപിച്ചിരിക്കുന്നത് എന്നുള്ള ഒരു ഐതിഹ്യവുമുണ്ട്. അരുവിത്തുറപ്പള്ളിയുടെ ഔദ്യോഗിക കലണ്ടറിൽ പള്ളിയുടെ സ്ഥാപനം ക്രിസ്തു വർഷം 4-ാം നൂറ്റാണ്ടാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 16-ാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാരുടെ സഹായത്തോടെ കല്ലറയ്ക്കൽ മത്തായി കത്തനാരുടെ നേതൃത്വത്തിൽ പള്ളി പുതുക്കിപ്പണിതു. 1942 വരെ ആ ദൈവാലയം നിലനിന്നു. ഇപ്പോൾ കാണുന്ന ദൈവാലയത്തിനകത്ത് പോർട്ടുഗീസ് മാതൃകയിലുള്ള മദ്ബഹായുടെ ഭാഗം സൂക്ഷിച്ചിരിക്കുന്നു.

14-ാം നൂറ്റാണ്ടിൽ നിലയ്ക്കലുണ്ടായ അത്യാഹിതത്തെ തുടർന്ന് അവിടെ നിന്ന് ഓടിപ്പോന്നവരിൽ ഏതാനും ക്രൈസ്തവ കുടുംബങ്ങൾ അരുവിത്തുറയിലും പൂഞ്ഞാറ്റിലും വന്ന് താമസിച്ചു. അവരുടെ സന്തതി പരമ്പരകൾ ഇന്നും അവിടെയുണ്ട്.

അരുവിത്തുറപ്പള്ളിയുടെ വികസനത്തിന് വളരെയധികം പരിശ്രമിച്ചിട്ടുള്ള ഒരു വ്യക്തിയാണ് ബഹുഭാഷാപണ്ഡിതനായിരുന്ന ബ. തോമസ് അരയത്തിനാലച്ചൻ. ജർമ്മൻ യൂണിവേഴ്സിറ്റികളിൽ ഇദ്ദേഹത്തിന്റെ ഗ്രാമർ പുസ്തകങ്ങൾ ഇന്നും പാഠപുസ്തകങ്ങളാണ്. തോമസച്ചന്റെ നിര്യാണശേഷം അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരം വടവാതൂർ സെമിനാരിക്ക് കൈമാറുകയും ഫാ. അരയത്തിനാൽ മെമ്മോറിയൽ ലൈബ്രറി എന്ന പേരിൽ ഗ്രന്ഥങ്ങൾ അവിടെ സൂക്ഷിക്കുകയും ചെയ്യുന്നു.

## അലക്സാന്ത്രിയൻ ലിറ്റർജി

അലക്സാന്ത്രിയൻ ലിറ്റർജി വി. മർക്കോസിന്റെ ലിറ്റർജിയെന്ന പേരിലറിയപ്പെടുന്നു. ആദ്യനൂറ്റാണ്ടുകളിലെ അലക്സാന്ത്രിയൻ ആരാധനക്രമത്തെപ്പറ്റി വി. ക്ലെമന്റ്, ഡയനീഷ്യസ്, ഒരിജൻ തുടങ്ങിയവർ പ്രസ്താവിക്കുന്നുണ്ട്. വിവിധസമയങ്ങളിലുള്ള പ്രാർത്ഥനകൾ, സമാധാനചുംബനം, ബുധനാഴ്ചയും വെള്ളിയാഴ്ചയുമുള്ള ഉപവാസം, 40 ദിവസത്തെ നോമ്പ്, കിഴക്കോട്ടു തിരിഞ്ഞുള്ള പ്രാർത്ഥന എന്നിവ പരാമർശിക്കപ്പെടുന്നു. ഹിപ്പോളിറ്റസിന്റെ അപ്പസ്തോലിക പാരമ്പര്യത്തിനോട് ഇവയ്ക്കു സാമ്യമുള്ളതായി കാണുന്നു. അഞ്ചാം നൂറ്റാണ്ടിൽ വി. സിറിലാണ് അലക്സാന്ത്രിയൻ ലിറ്റർജിക്കു പൂർണരൂപം നൽകിയത്. കോപ്റ്റിക്, എത്യോപ്യൻ ലിറ്റർജികളുടെ ഉറവിടമാണിത്. ഈ രണ്ടു സഭകളുമാണ് ഇന്ന് അലക്സാന്ത്രിയൻ ലിറ്റർജി ഉപയോഗിക്കുന്നത്.

വി. മർക്കോസിന്റെ ലിറ്റർജിയുടെ ചില ഭാഗങ്ങൾ സ്ട്രാസ്ബുർഗ്, മാഞ്ചസ്റ്ററിലെ ജോൺ റയ്ലാൻഡ് എന്നീ ലൈബ്രറികളിലും ബ്രിട്ടീഷ് മ്യൂസിയത്തിലും സൂക്ഷിച്ചിട്ടുണ്ട്. ഡേർ ബാലിത്സേ എന്ന ആശ്രമത്തിൽനിന്ന് ഒരു ചെറിയ ഭാഗം കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ കാണുന്ന ഒരു പ്രത്യേകതയാണ് ദീർഘമായ മദ്ധ്യസ്ഥ പ്രാർത്ഥനയും സ്ഥാപന വചനങ്ങൾക്കുമുമ്പുള്ള റൂഹാക്ഷണ പ്രാർത്ഥനയും.

നാലാം നൂറ്റാണ്ടിലെ ത്മൂയിസിലെ മെത്രാനായിരുന്ന സെറാപ്പിയോന്റെ 'യുക്കളോഗിയോൺ' എന്ന ഗ്രന്ഥത്തിൽ മുപ്പതോളം പ്രാർത്ഥനകളുണ്ട്. കൂടുതലും വി. കുർബാനയെപ്പറ്റിയുള്ളവയാണ്. വിവിധ ആശീർവാദപ്രാർത്ഥനകളും കാറോസൂസാ രീതിയിലുള്ള അപേക്ഷകളും മാമ്മോദീസാ, പട്ടം മുതലായവയ്ക്കുള്ള ചില പ്രാർത്ഥനകളും രോഗികൾക്കും മരിച്ചവർക്കും വേണ്ടിയുള്ള പ്രാർത്ഥനകളും ഇതിലുൾ പ്പെടുന്നു. ഏറ്റവും പ്രാധാന്യമർഹിക്കുന്ന താണ് അനാഫൊറ. ഇതിൽനിന്നു നാലാം നൂറ്റാണ്ടിൽ ഈജിപ്റ്റിൽ നിലവിലിരുന്ന അനാഫൊറയെപ്പറ്റി നമുക്കറിവു ലഭിക്കുന്നു.. 'പരിശുദ്ധൻ എന്ന ഗീതത്തിന്റെ ആദ്യഭാഗം കുർബാനക്രമത്തിൽ ആദ്യമായി കാണുന്നത് ഈ അനാഫൊറയിലാണ്. അപ്പത്തിന്റെയും വീഞ്ഞിന്റെയും മേലുള്ള സ്ഥാപനവചനങ്ങൾക്കിടയിലായി സഭയ്ക്കുവേണ്ടി ഒരു പ്രാർത്ഥന കാണാം. റൂഹാക്ഷണപ്രാർത്ഥനയ്ക്കുപകരം 'വചനത്തെയാണു ക്ഷണിച്ചു പ്രാർത്ഥിയ്ക്കുക. മരിച്ചവരെയും ജീവിക്കുന്നവരെയും അനുസ്മരിക്കുന്ന പ്രാർത്ഥനകളും

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ലബ്ധമാക്കുന്ന ദൈവത്തിനു നന്ദിപറയുവാനും എല്ലാ വിളവുകളും ദൈവത്തിനു സമർപ്പിക്കേണ്ടതാണെന്ന് പ്രതീകാത്മകമായി കാണിക്കാനും വേണ്ടിയായിരുന്നു ഇത്. പല ക്രൈസ്തവസമൂഹങ്ങളും "പുത്തരിത്തിരുന്നാൾ", ആദ്യഫലത്തിരുനാൾ ആഘോഷിക്കുന്നുണ്ട്. ഭാരതീയമായ ഒരു ഉദാഹരണമാണ് പൊങ്കൽ.

### ആദ്ധ്യാത്മികത യാമപ്രാർത്ഥനയിൽ

നമസ്ക്കാരം പൊതുപ്രാർത്ഥനയായി അതുപയോഗിക്കുന്ന എല്ലാ ക്രൈസ്തവ സഭകളും കണക്കാക്കുന്നുണ്ട്. വ്യക്തികൾ തനിച്ചു പ്രാർത്ഥിക്കുന്നതിനെക്കാൾ സമൂഹമായി പ്രാർത്ഥിക്കുകയാണു വേണ്ടതെന്നുള്ള ധാരണ പണ്ടേ വ്യക്തമായിട്ടുണ്ടെന്നു സാരം.

ഞായറാഴ്ചകളിലും തിരുനാളുകളിലും ദൈവാലയത്തിൽവച്ച് വൈദികന്മാരും അല്മായരും ഒരുമിച്ചു നമസ്ക്കാരം ചൊല്ലുന്ന രീതിയാണ് ഏറ്റം ആദർശയോഗ്യമെന്നും കരുതപ്പെടുന്നു. ഇടദിവസങ്ങളിലും, പ്രത്യേകിച്ച്, വലിയ നോമ്പിൽ, ഇപ്രകാരം പ്രാർത്ഥന നടത്തുന്ന സഭകളുണ്ട്. ഇടദിവസങ്ങളിലും കുർബാനയില്ലാത്ത അവസരങ്ങളിലും ഇപ്രകാരമുള്ള പൊതുപ്രാർത്ഥനയ്ക്കു പ്രസക്തി കണ്ടെത്തിയ സഭകൾ പലതുണ്ട്.

ഒരുകാലത്തു ബനഡിക്ടൻ, സിസ്റ്റേഴ്സ്യൻ, കർമലീത്താ തുടങ്ങിയ സന്യാസ സമൂഹങ്ങൾക്കു പ്രത്യേകം കാനോന നമസ്ക്കാരക്രമങ്ങൾ ഉണ്ടായിരുന്നു. പൊതുവായ റോമൻനമസ്ക്കാരത്തിൽ ചില വ്യത്യാസങ്ങൾ വരുത്തിയ ടെക്സ്റ്റുകളാണ് അവർ ഉപയോഗിച്ചിരുന്നത്. ഇന്ന് റോമൻസഭയിൽ നമസ്ക്കാരം (Liturgy of the Hours) നവീകരിച്ചു നടപ്പിലാക്കിയതോടെ പൊതുവിൽ ഒരു ഏകീകൃതക്രമമുണ്ടായിട്ടുണ്ട്.

ക്രൈസ്തവസഭകൾ ഒന്നിലുംതന്നെ സന്യാസിനികൾക്കായി പ്രത്യേക നമസ്ക്കാര ക്രമമില്ല. എല്ലാവരും - വൈദികന്മാരും അല്മായരും സന്യാസീസന്യാസിനികളും - ഉപയോഗിക്കുന്നത് ഒരേ നമസ്ക്കാരപ്പുസ്തകമാണ്. തന്നെയുമല്ല, ഇടവകയിലെ സന്യാസിനീസന്യാസികളും വൈദികന്മാരും അത്മായരും ഒരുമിച്ച് ഞായറാഴ്ചകളിലും തിരുനാളുകളിലും നമസ്ക്കാരം ചൊല്ലുക സാധാരണമാണു താനും (സീറോ മലബാർ സഭയിൽ കന്യാസ്ത്രീകൾക്കുമാത്രമായി ഒരു നമസ്ക്കാര പുസ്തകം ചിലയിടത്തെങ്കിലും ഉപയോഗിച്ചു വരുന്നത് ആദരണീയമെന്നു പറഞ്ഞുകൂടാ).

### സങ്കീർത്തന വിഭജനം

എല്ലാ സഭകളിലും യാമപ്രാർത്ഥനകളുടെ ഉള്ളടക്കം സങ്കീർത്തനങ്ങൾ, പ്രാർത്ഥനകൾ, വേദപുസ്തകഗാനങ്ങൾ, ഇതര ഗീതങ്ങൾ, വേദപുസ്തകവായനകൾ എന്നിവയാണ്. ഓരോ ഘടകത്തിനും ഏറ്റക്കുറച്ചിലുകൾ കണ്ടെന്നുവരും. ഉദാ: അലക്സാണ്ഡ്രിയൻ രീതിയിൽ സങ്കീർത്തനത്തിനു കീർത്തനങ്ങളെക്കാൾ സ്ഥാനമുണ്ട്. സങ്കീർത്തനങ്ങളെ സൗകര്യത്തിനുവേണ്ടി യൂണിറ്റുകളും ഉപയൂണിറ്റുകളുമായി തരംതിരിക്കുന്ന പതിവു പല സഭകളിലുമുണ്ട്. ബൈസന്റയിൻ രീതിയിൽ (ഒന്നോ രണ്ടോ മൂന്നോ സങ്കീർത്തനമുള്ള) 60 ചെറിയ യൂണിറ്റും (മൂന്നു ചെറിയ യൂണിറ്റുകളുള്ള) 20 വലിയ യൂണിറ്റുകളുമുണ്ട്. പൗരസ്ത്യ സുറിയാനിരീതിയിൽ 57 ചെറിയ യൂണിറ്റുകളും (മർമീസ) 20 വലിയ യൂണിറ്റുകളും (ഹുല്ലാല) ഉണ്ട്. അർമേനിയൻ രീതിയിൽ 56 ചെറിയ യൂണിറ്റുകളും 8 വലിയ യൂണിറ്റുകളുമുണ്ട്. കോൺസ്റ്റാൻറിനോപ്പിൾ രീതിയിൽ 68 ചെറിയ യൂണിറ്റുകളുണ്ട്. രാത്രിജപത്തിൽ തുടർച്ചയായി ചൊല്ലാനുള്ള സങ്കീർത്തനങ്ങൾ സൂചിപ്പിക്കാൻ ഈ വിഭജനം സഹായകമായിരുന്നു.

### യാമങ്ങൾ: ബൈസന്റയിൻ രീതിയിൽ

എല്ലാ സഭകളിലും പ്രധാനയാമ പ്രാർത്ഥനകളായ പ്രഭാതപ്രാർത്ഥന (സപ്ര), സായാഹ്നപ്രാർത്ഥന (റംശ), രാത്രിജപം (ലെലിയ) എന്നിവയുണ്ട്. അർദ്ധരാത്രി പ്രാർത്ഥനയും വലിയ സായാഹ്നജപവും ബൈസന്റയിൻ രീതിയിലെ (Meso-nyktikon, Megalos Hesperinos) പ്രത്യേകതകളാണ്. ശനിയാഴ്ച രാത്രി മുഴുവൻ ജാഗരണജപമുള്ള (panny- chis) തിരുനാളുകൾക്കാണ് വലിയ സായാഹ്ന ജപമുള്ളത്.

ആ ദിവസങ്ങളിൽ ആറാംമണിക്കൂറിനുള്ള പ്രാർത്ഥനവരെ പ്രഭാതപ്രാർത്ഥന നീണ്ടുനിൽക്കും. വലിയനോമ്പിലെ നമസ്ക്കാരം പൊതുവിൽ എല്ലാ രീതുകളിലെയും പോലെ ദൈർഘ്യമേറിയതാണ്.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ച്ചിരുന്നു. എല്ലാവരും ലത്തീൻറീത്തിൽ നടത്തിയിരുന്ന "പരിശുദ്ധാത്മാവിന്റെ കുർബാനയിലും" (Mass of Holy Spirit), മാതാവിന്റെ ബഹുമാനാർത്ഥം നടത്തുന്ന സുറിയാനി ക്കുർബാനയിലും സംബന്ധിക്കേണ്ടിയിരുന്നു.

ജെ. വെള്ളിയാൻ

## ഉദയംപേരൂർഡിക്രികളിൽ ആരാധനക്രമം

### മാമ്മോദീസാ

മറ്റെല്ലാ സ്ഥലങ്ങളിലെയും പതിവനുസരിച്ച് മലങ്കരയിലും ശിശുക്കൾക്ക് എട്ടാം ദിവസംതന്നെ മാമ്മോദീസാ നല്കണം.

അതിന് മേല്പട്ടക്കാരൻ കൂദാശചെയ്ത സൈത്തുമാത്രമേ ഉപയോഗിക്കാവൂ. സൈത്തു പൂശുമ്പോൾ ചൊല്ലാനുള്ള പ്രാർത്ഥനകൾ റോമൻക്രമത്തിൽനിന്നു തർജ്ജമചെയ്തു പയോഗിക്കണം. മാമ്മോദീസാ നല്കുമ്പോൾ വൈദികൻ സൂർപ്ലേസും ഊറാറയും ധരിക്കണം.

മാമ്മോദീസാ സ്വീകരിക്കുന്നവർക്ക് ഇപ്പോൾ സാധാരണ വിളിക്കുന്ന പേരുകൾ അല്ലാതെ പഴയനിയമത്തിലെ പേരുകൾ നൽകരുത്.

ഓരോ പള്ളിയിലും ധനസ്ഥിതിക്കനുസൃതമായി ഓരോ മാമ്മോദീസാത്തൊട്ടി പണിയിക്കണം.

### സ്ഥൈര്യലേപനം - നാലാം ആക്ട്

മെത്രാന്മാർമാത്രമേ ഈ കൂദാശ പരികർമ്മംചെയ്യാവൂ. മലങ്കരയിൽ ഈ കൂദാശ കൊണ്ട് ഏറെ പെരുമാറ്റം ഇല്ലാത്തതിനെക്കൊണ്ട് സൂനഹദോസ് കല്പിക്കുന്നു: ആ കൂദാശ നൽകുവാൻ മെത്രാൻ വരുമ്പോൾ ദൃഢതയുള്ളവരൊക്കെ അതു സ്വീകരിക്കണം.

പൗരസ്ത്യസിറിയൻറീത്തിലും മറ്റു പൗരസ്ത്യറീത്തുകളിലും മാമ്മോദീസായോടുകൂടെ, ഒരു ശുശ്രൂഷയിൽത്തന്നെയാണ് സ്ഥൈര്യലേപനം സാധാരണ നൽകിയിരുന്നത്; പ്രത്യേക ശുശ്രൂഷയായിട്ടല്ല.

### വി. കുർബാന - അഞ്ചാം ആക്ട്

കാർമികൻ കൂദാശചെയ്യുന്നത് സ്വന്തം വാക്കുകളുപയോഗിച്ചല്ല; പ്രത്യുത കർത്താവിന്റെ വാക്കുകൾകൊണ്ടാണ്. അതുകൊണ്ട്, എത്ര നല്ലതെങ്കിലും അവയോടു മറ്റു വാക്കുകൾ കൂട്ടിച്ചേർക്കരുത്. കാസാ കൂദാശ ചെയ്കയിൽ സുറിയാനിയിൽ ചൊല്ലുന്ന 'ഉഹാനാ നെഹ്‌വെ ല്ഹോൻ റഹവോന ല്ആലം അൽമീൻ' എന്നത് ഏവൻഗേലിയോനിലും മറ്റു വേദപുസ്തകങ്ങളിലും കാണുന്നില്ല. അതുകൊണ്ട്, കാസാ ഉയർത്തി ത്രോണോസിന്മേൽ വച്ചു മുട്ടുകുത്തിയ ശേഷമേ മേല്പറഞ്ഞ വാക്യം ചൊല്ലാവൂ.

കാസായുടെമേൽ ചൊല്ലേണ്ടുന്ന കൂദാശാവചനങ്ങളിൽ കർത്താവ് അരുൾച്ചെയ്ത വാക്കുകളെല്ലാം കാണുന്നില്ല: 'ദീയാസേക്കെഫദത്ത വദ്സോമ്മായ്ത്താ റാസാദ് ഹൈമ്മാന്നൂസ'. ഇതിലൊക്കെ ലത്തീനിൽ നിന്നുള്ള ശരിയായ തർജ്ജമ ക്രമപ്പെടുത്തണം. നുകുംശപ്പീർ എന്ന നമസ്കാരത്തിൽ (സാർവത്രിക പ്രാർത്ഥന) രണ്ടുമൂന്നിടത്തു ബാഗ്ദാദിലെ പാത്രിയർക്കായുടെ പേരു ചൊല്ലുന്നു. അതു പാടില്ല.

പരിശുദ്ധ കന്യകയെ മിശിഹായുടെ മാതാവ് എന്നു നാമകരണം ചെയ്തിരിക്കുന്നിടത്തു ദൈവമാതാവ് എന്നാക്കണം. തെയദോർ, ദിയദോർ തുടങ്ങിയവരുടെ പേരുകൾക്കുപകരം വിശുദ്ധരുടെ പേരുകൾ ചേർക്കണം. വിശ്വാസ പ്രമാണത്തിൽ ചേരാത്ത വാക്കുകൾ കൂട്ടിച്ചേർക്കുകയും അനാവശ്യമായുള്ളവ നീക്കിക്കളയുകയും വേണം.

ചില കുർബാനതക്സാകളിൽ നെസ്തോറിയസിന്റെയും തെയദോറിന്റെയും നാമത്തിലുള്ള കുർബാനകളുണ്ട്. അവ നീക്കിക്കളയണം. ആ കുർബാനകൾ ചൊല്ലുന്നവർക്കു മഹറോൻ ശിക്ഷ.

സുറിയാനിക്കുർബാനയ്ക്ക് ദൈർഘ്യം അധികമാണ്. അതുകൊണ്ട്, ലത്തീൻ കുർബാന സുറിയാനിയിൽ തർജ്ജമചെയ്തത് ഇഷ്ടമുള്ളവർക്കു പഠിച്ചു ചൊല്ലാവുന്നതാണ്.

കൂദാശചെയ്യപ്പെട്ട ഓസ്തിയിന്മേൽ തിരുരക്തം പുരട്ടി ഉയർത്തുന്നതു വിശ്വാസത്തിനു വിരുദ്ധമാണ്. അതാരും ചെയ്യരുത്.

ആറാം പട്ടമില്ലാത്തവർ ദിവ്യബലിയിൽ ശുശ്രൂഷകരായി വർത്തിക്കുന്നെങ്കിൽത്തന്നെയും ഊറാറ ഇടരുത്.

ഞായറാഴ്ചകളിലും പെരുന്നാളുകളിലും മുഴുവൻകുർബാന കാണാതിരുന്നാൽ ചാവുദോഷംചെയ്യുന്നുവെന്നത് എല്ലാവരും

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

## കാഞ്ഞിരപ്പള്ളി

കോട്ടയത്തിനും പീരുമേടുമലകൾക്കും മധ്യഭാഗത്തായി സ്ഥിതിചെയ്യുന്നതും കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനകാലംവരെ വൻ കാടുകളാൽ നിബിഡവുമായിരുന്ന ഒരു മലനാടൻഗ്രാമമായിരുന്നു കാഞ്ഞിരപ്പള്ളി. എന്നാൽ, കഴിഞ്ഞ എഴുപത്തഞ്ചുവർഷക്കാലം കൊണ്ട് കാഞ്ഞിരപ്പള്ളി തോട്ടം വ്യവസായത്തിന്റെ ഒരു പ്രധാനകേന്ദ്രമായും മനോഹരമായ നഗരമായും വികസിച്ചു. നൂറ്റാണ്ടിന്റെ മുൻപു മുതൽ ഈ നാട്ടിൽ സംസ്കാരത്തിലും നാഗരികതയിലും ഔന്നത്യം പ്രാപിച്ച ജനപദം അധിവസിച്ചിരുന്നു. മതസൗഹാർദ്ദത്തിന് കേൾവികേട്ട സ്ഥലമാണ് കാഞ്ഞിരപ്പള്ളി. ശംഖുനാദവും വാങ്കുവിളിയും മണിമുഴക്കവും പരസ്പരം ലയിച്ചുചേരുന്ന അന്തരീക്ഷം. മണിമലയാറിന്റെ പോഷകനദിയായ ചിറ്റാർ നഗരത്തിൽക്കൂടെ വളഞ്ഞുപുളഞ്ഞൊഴുകുന്നു. കേരളത്തിലെ പുരാതനമായ റോഡുകളിലൊന്നായ കോട്ടയം-കുമളി റോഡ് (കെ.കെ. റോഡ്) കാഞ്ഞിരപ്പള്ളിയുടെ വിരിമാറിലൂടെ കടന്നുപോകുന്നു (സർവ്വെ ആരംഭിക്കാൻ പോകുന്ന കോട്ടയം-പുനലൂർ റയിൽവേ ലൈനും നെടുമ്പാശ്ശേരി-എരുമേലി ലൈനും കാഞ്ഞിരപ്പള്ളിയെ സ്പർശിക്കുമത്രെ). ഇവിടം ഇന്നൊരു രൂപതയുടെയും താലൂക്കിന്റെയും ആസ്ഥാനമാണ്.

ക്രിസ്തുവർഷം 1100 മുതൽ 1749 വരെ കാഞ്ഞിരപ്പള്ളി തെക്കുംകൂർ രാജാവിന്റെ ഭരണത്തിൻ കീഴിലായിരുന്നു. മുളക്, ചുക്ക്, മഞ്ഞൾ തുടങ്ങിയ വിഭവങ്ങൾ അന്യനാട്ടുകാരെ ഇങ്ങോട്ടാകർഷിച്ചു. അങ്ങനെ തമിഴർ, ചെട്ടിയാർ, വൊള്ളാളൂർ, മുഹമ്മദീയർ എന്നിവർ ഇവിടെ വരാൻ കാരണമായി.

മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴു പള്ളികളിൽ ഒന്ന് ചായൽ, അഥവാ, നിലയ്ക്കൽ ആയിരുന്നുവല്ലോ. 14-ാം നൂറ്റാണ്ടിൽ ഉണ്ടായ ഏതോ ആക്രമണംമൂലം അവിടെയുള്ള കുറെ ക്രിസ്ത്യാനികൾ കാഞ്ഞിരപ്പള്ളിയിൽ കുടിയേറി. 1450-ൽ ഇവിടെ ആദ്യമായി പള്ളി പണിത് കൂദാശ ചെയ്തു. പിന്നീട് പുത്തൻപള്ളി എന്ന പേരിൽ ഒരു പള്ളികൂടി പണികഴിപ്പിച്ചു. പിന്നീന്നു 1842-ൽ പുത്തൻപള്ളിയും പഴയപള്ളിയുംകൂടി വി. ദുമിനിക്കോസിന്റെ നാമത്തിലുള്ള ഒരിടവകയാക്കിമാറ്റി. 1919-ൽ ഈ പള്ളി ഫൊറോനാപ്പള്ളിയാക്കി ഉയർത്തി.

1977-ലായിരുന്നു കാഞ്ഞിരപ്പള്ളി രൂപതയായി ഉയർത്തപ്പെട്ടത്. രൂപതയുടെ പ്രഥമ മെത്രാൻ മാർ ജോസഫ് പൗവത്തിലും രണ്ടാമത്തെ മെത്രാൻ മാർ മാത്യു വട്ടക്കുഴിയുമായിരുന്നു. മലനാടിന്റെ വികസനത്തിനുവേണ്ടി അക്ഷീണം പരിശ്രമിച്ച മാർ മാത്യു അറയ്ക്കലാണ് ഇപ്പോഴത്തെ മെത്രാൻ. (ധാരാളം വൈദികന്മാരും സമർപ്പിതരും അല്മായരും ആദ്ധ്യാത്മികഭൗതിക സ്ഥാപനങ്ങളുമുള്ള ഈ രൂപത സമഗ്ര വികസനത്തിന്റെ പാതയിൽ മുന്നേറിക്കൊണ്ടിരിക്കുന്നു).

## ക്വാസ് പ്രീമാസ്

ക്രിസ്തുവിന്റെ രാജത്വത്തെപ്പറ്റിയുള്ള പതിനൊന്നാം പീയൂസിന്റെ ചാക്രികലേഖനം (1925). വേദപുസ്തകവും പിതാക്കന്മാരുടെ പ്രബോധനങ്ങളും അടിസ്ഥാനമാക്കി, മനുഷ്യനായ മിശിഹായ്ക്ക് രാജാവെന്ന ശീർഷകം അർത്ഥവത്താണെന്നു സ്ഥാപിച്ചു. രാജത്വം കുർബാനയോടും തിരുഹൃദയത്തോടും ബന്ധപ്പെടുത്തിയാണ് കാണുന്നത്. ഈ ലേഖനം വഴി രാജത്വതിരുനാൾ നടപ്പിലാക്കി. മനുഷ്യൻ ഹൃദയവും മനസ്സും ഇച്ഛാശക്തിയും രാജാവായ ദൈവത്തിന് അടിയറവയ്ക്കണം. ഭൗതികവാദം, നിരീശ്വരത്വം എന്നിവയൊക്കെ അബദ്ധസിദ്ധാന്തങ്ങളായി ഇത് പ്രഖ്യാപിച്ചു.

ജെ. വെള്ളിയാൻ


## ക്നാനായ യാക്കോബായ ഭദ്രാസനം

1882-ൽ . എല്ലാ ക്നാനായ പള്ളികളും പള്ളിക്കാരും ചേർന്ന് ക്നാനായ കമ്മിറ്റി രൂപംകൊണ്ടു. 1910-ൽ ക്നാനായ ഭദ്രാസന രൂപവൽക്കരണം അബ്ദുള്ള പാത്രീയർക്ക മാർ സെവേറിയോസ്(1910), മാർ ദിയസ്ക്കോറസ് (1926), എബ്രഹാം മാർ ക്ലിമീസ് (1951) എന്നിവർ സാരഥികളായി. 1932-ൽ സ്വയംഭരണാധികാരം ലഭിച്ചു. 1952 ക്നാനായ ഭദ്രാസനത്തിന്റെ ഭരണഘടന അംഗീകരിച്ച ക്നാനായഭദ്രാസനം മലങ്കരസഭയുടെ ഘടകമാണെന്നും അതിന്റെ ഭരണം ക്നാനായ ഭദ്രാസനഭരണഘടനയ്ക്കു വിധേയമായി നിർവ്വഹിക്കപ്പെടണമെന്നും അംഗീകൃതമായി. ഭദ്രാസനം ചിങ്ങവനം മാർ അപ്രേം സെമിനാരി. അന്ത്യോക്യൻ ലിറ്റർജി ഉപയോഗിക്കുന്നു.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

വൈദികനോ ഡീക്കനോ ഇല്ലെങ്കിൽ ശുശ്രൂഷിയ്ക്കു എഴുന്നള്ളിച്ചുവയ്ക്കാം. എന്നാൽ ഇക്കൂട്ടർക്ക് കുർബാനയുടെ ആശീർവാദം



പുരാതന അരുളിക്ക

നല്കാൻ അനുവാദമില്ല. Rito Della communione fuori della Messa (Culto cuchanisteco No. 90-99).

## കുർബാനയുടെ തിരുനാൾ

ബൽജിയത്തിൽ ലിയേഷിൽ ജൂലിയാന എന്ന സന്യാസിനിക്ക് 1208-ൽ ലഭിച്ച ദർശനമാണ് ഈ തിരുനാളിന് പ്രചോദനമായി വന്നത്. 4-ാം ഊർബൻ മാർപ്പാപ്പ ഈ തിരുനാൾ ആഘോഷിക്കുന്നതിന് അനുവാദം നൽകി. തിരുനാളിനോടനുബന്ധിച്ച് ഫ്രാൻസിലും ജർമ്മനിയിലും മറ്റു പലയിടങ്ങളിലും കുർബാനയുടെ ആഘോഷമായ പ്രദക്ഷിണം നടപ്പിൽ വന്നു. തിരുവോസ്തി കാണുന്നത് അനുഗ്രഹദായകമെന്ന് കരുതിയിരുന്നതിനാൽ മദ്ധ്യശതകങ്ങളിൽ തെരുവുകളിലും നാട്ടിൻ പുറങ്ങളിലും ഈദൃശപ്രദക്ഷിണങ്ങൾ നടത്തുകയുണ്ടായി. ഈശോയുടെ ശരീരം എന്നർത്ഥമുള്ള കേർപൂസ് -ക്രിസ്തി എന്ന പേരിൽ കുർബാനയുടെ തിരുനാൾ അറിയപ്പെട്ടിരുന്നു. പെസഹാ വ്യാഴാഴ്ചയിലെ കുർബാനയുടെ സ്ഥാപനം അനുസ്മരിച്ചുകൊണ്ട് പെന്തക്കുസ്ത കഴിഞ്ഞു വരുന്ന ഞായറാഴ്ച (ത്രിത്വത്തിന്റെ) തുടർന്നു വരുന്ന വ്യാഴാഴ്ചയാണ് ഈ തിരുനാൾ ആഘോഷിക്കുന്നത്.

ഉദയംപേരൂർ സൂനഹദോസിനു ശേഷമാണ് ഈ തിരുനാൾ സീറോ മലബാർ സഭയിൽ ആരംഭിച്ചത്. റോമൻ സഭയോടു അനുരൂപപ്പെടാൻ ഉയിർപ്പു തിരുനാളിന്റെ എട്ടാമിടം കഴിഞ്ഞുവരുന്ന വ്യാഴാഴ്ച കുർബാനയുടെ തിരുനാൾ അങ്കമാലി രൂപതയുടെ എല്ലാ പള്ളികളിലും ആഘോഷിക്കണമെന്നു സൂനഹദോസ് നിശ്ചയിച്ചു (അഞ്ചാം ആക്ഷി, ഡിക്രി ഒന്ന്). എങ്കിലും യൂറോപ്പിലെപ്പോലെ പെന്തക്കുസ്തായുടെ എട്ടാമിടം കഴിഞ്ഞ വ്യാഴാഴ്ചയാണ് തിരുനാൾ ആഘോഷിച്ചു വരുന്നത്. ഈ തിരുനാളിനു സുറിയാനിയിൽ ഉണ്ടാക്കിയ വേസ്പരയ്ക്കു കൽദായ ക്രമത്തിൽ പെസഹാ വ്യാഴാഴ്ചയിലെ ചില ഗീതങ്ങളും ഗ്രീക്കു റീത്തിലെ ചില ഗീതങ്ങളും ഉപയോഗപ്പെടുത്തിയെന്നതു ശ്രദ്ധാർഹമാണ്. സുറിയാനി കർമ്മലീത്താക്കാർ കുർബാന എഴുന്നെള്ളിച്ചു വച്ചു വേസ്പരനടത്തിയിരുന്നു.

## കുർബാനയുടെ വണക്കം

സഭാചരിത്രത്തിൽ വിശുദ്ധകുർബാന ഈശോയുടെ രക്ഷാകര ശുശ്രൂഷയുമായിട്ട് അഭേദ്യമായി ബന്ധപ്പെട്ടതാണ്. ഈശോയുടെ ജീവനും ഉയിർപ്പിന്റെ വിശ്വാസവും തമ്മിലുള്ള ബന്ധമാണ് ഇതിൽ ആഘോഷിക്കുക. പാപമോചനം നൽകുന്നതോടൊപ്പം ദൈവവും സഹോദരങ്ങളുമായി ഒരു പുതിയ ബന്ധത്തിലേക്ക് ഇതുവഴി പ്രവേശിക്കുന്നു. ഒരു വിരുന്നുമേശയുടെ പശ്ചാത്തലത്തിലാണ് ഇപ്പോഴത്തെ ആനന്ദവും വരുവാനിരിക്കുന്ന സൗഭാഗ്യത്തിന്റെ മുന്നാസ്വാദനവുമാണ് ഇത്. കൊറിന്ത്യായിൽ വിശ്വാസികളുടെ സാമൂഹികവും സാമ്പത്തികവുമായ അന്തരം (1കൊറി. 11-17,34) അന്ത്യോക്യായിലെ വലിയസമൂഹത്തിലെ യഹൂദ ക്രിസ്ത്യാനികൾക്കും ഗ്രീക്കു ക്രിസ്ത്യാനികൾക്കും സൗഹൃദത്തോടെ ഈ മേശയിൽ പങ്കെടുക്കാമോയെന്ന് തർക്കം ഉണ്ടാക്കി. അത് ആരാധനാസമൂഹത്തിന്റെ ഐക്യത്തിന് ദോഷം ചെയ്യുന്നു(1കൊറി. 10-16). പൊതുവായ ഭക്ഷണം ഒരു പ്രശ്നമായി അനുഭവപ്പെട്ടുവെന്ന് സാരം. പ്രതിവിധിയായി പൗലോസ് പഠിപ്പിച്ചു മിശിഹായുടെ ശരീരം മേശ (അൾത്താര) മേൽ മാത്രമല്ല മേശക്കിരിക്കുന്നവരുടെ മേലും ഉണ്ട്. തന്നെയുമല്ല, ആ ഭക്ഷണം കർത്താവിന്റെ മരണം അവിടുത്തെ രണ്ടാമത്തെ ആഗമനംവരെ ആഘോഷിക്കുന്നു(1കൊറി.11-26). ഒരേ അപ്പത്തിൽ നിന്നും ഒരേ കാസയിൽനിന്നും പങ്കെടുത്ത് സംസ്ഥാപിക്കുന്ന ദൈവത്തോടും

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



4. മാർ അദ്ദായിയുടെയും മാർ മാറിയുടെയും കുർബാനക്രമം ഉപയോഗിച്ചു കുർബാന സ്വീകരണം നടത്തുന്നതിനെപ്പറ്റി നൽകിയ ഈ മാർഗരേഖകൾ കൽദായ സഭയുടെയും അസ്സീറിയൻ സഭയുടെയും വിശ്വാസികൾക്കുവേണ്ടി മാത്രമുള്ളതാണ്. ഇത് അവരുടെ അജപാലന ആവശ്യവും സഭൈക്യപശ്ചാത്തലവും കണക്കിൽ എടുത്തിട്ടുള്ളതാണ്. ഈ രേഖ റോമിൽ നിന്നു പുറപ്പെടുവിച്ചത് 2001- July 21ന് ആണ്.

കൂദാശ,സ്ഥാപനവാക്യങ്ങൾ കൂടാതെയുള്ള അനാഫൊറ ഉപയോഗിക്കുന്നതിന്റെ ഔചിത്യത്തെയും നീതീകരണത്തേയും പറ്റി ചരിത്രപരവുമായ നിരവധി വാഗ്വാദങ്ങൾ ഉണ്ടായിട്ടുണ്ട്. അവയ്ക്കൊക്കെ ഏതാണ്ടു വിരാമം ഇടുകയാണ് ഈ മാർഗ്ഗരേഖ. കൂദാശസ്ഥാപനവാക്യങ്ങൾ പൂർണമായി ഇല്ലെങ്കിലും അതിന്റെ സൂചനകളും ആശയങ്ങളും ഉൾക്കൊള്ളുന്ന അനാഫൊറ ഉപയോഗിച്ചു ചൊല്ലുന്ന കുർബാന സാധുവാണെന്നും നീതീകരിക്കപ്പെടാവുന്നതാണെന്നും റോമിന്റെ ഈ അംഗീകാരം വ്യക്തമാക്കി.

Bibl. L'osservatore Romano, 26 Oct. 2001 P.7.

S. Jammo, The Anaphora of the Apostles , Addai and Mari: A Study of Structure and Historical Background", OCA 68 (2002) !, 5-35.

ജെ. വെള്ളിയാൻ

## കൂദാശ് ഈത്തോ

മലങ്കരസുറിയാനിസഭാപഞ്ചാംഗത്തിലെ ഒന്നാം ഞായർ ക്രിസ്മസ്സിന് ഒരുക്കമായ ആഗമനകാലം ആരംഭിക്കുന്നു. ഒക്ടോബർ മുപ്പതിലോ അതിനെ തുടർന്നുവരുന്ന ഞായറാഴ്ചയോ ആണ് ഇത് കൂദാശ് ഈത്തോ എന്നറിയപ്പെടുന്നു.

## ക്രൂവെറ്റ്സ്

ലോഹംകൊണ്ടോ ഗ്ലാസ്സുകൊണ്ടോ ഉണ്ടാക്കിയ ചെറിയ കുപ്പിയുടെ ആകൃതിയിലുള്ള രണ്ടു പാത്രങ്ങൾ. വി.കുർബാനയ്ക്കുള്ള വീഞ്ഞും വെള്ളവും ബേസ്ഗസയിൽ സൂക്ഷിക്കുന്നത് ഇതിലാണ്. സാധാരണയായി രണ്ടു പാത്രങ്ങൾക്കും അടപ്പുണ്ടായിരിക്കും. രണ്ടു പാത്രത്തിന്മേലും കുരിശടയാളമുണ്ടെങ്കിലും വെള്ളവും വീഞ്ഞും തിരിച്ചറിയാനുള്ള അടയാളങ്ങളും പാത്രങ്ങളിന്മേലുണ്ടായിരിക്കും. ചെറുതും ഭംഗിയുള്ളതുമായ താലത്തിലാണ് ഈ പാത്രങ്ങൾ വയ്ക്കുക.

ഇതേ തരത്തിലുള്ള പാത്രങ്ങളിലാണു വി. തൈലം സൂക്ഷിക്കുന്നത്. മാമ്മോദീസായ്ക്കുള്ള വെള്ളം, വെള്ളം വിശുദ്ധീകരിക്കുന്നതിനുള്ള തൈലം, രോഗീലേപനത്തിനു തൈലം ഇവ ഇത്തരത്തിലുള്ള മൂന്നു പാത്രങ്ങളിലാണു സൂക്ഷിക്കുന്നത്.

## കെടാവിളക്ക്

പരിശുദ്ധ കുർബാനയിലെ ഈശോയുടെ സാന്നിധ്യം സൂചിപ്പിക്കാനായി സക്രാരിയുടെ മുമ്പിൽ തെളിഞ്ഞു നിൽക്കുന്ന വിളക്കാണിത്. വിശ്വാസികൾ നേർച്ചയായി ഈ വിളക്കിൽ എണ്ണയൊഴിച്ചിരുന്നു. സീറോ മലബാർ സഭയിൽ പുരാതന കാലത്ത് ഒത്തുകല്യാണത്തിന് കാരണവൻമാർ മദ്ബഹായുടെ മുമ്പിൽ തൂക്കിയിട്ടിരുന്ന കെടാവിളക്കിന് കീഴെ നിന്നുകൊണ്ടാണ് വൈദികന്റെ സാന്നിധ്യത്തിൽ മക്കളുടെ വിവാഹം നടത്തിക്കൊള്ളാമെന്ന് വാഗ്ദാനം ചെയ്തിരുന്നത്.

## കെത്താന

ഈശോയുടെ മൃതശരീരം സംസ്കരിക്കുന്നതിനുമുമ്പ് പുതിയ തുണി (കെത്താന) കൊണ്ട് പൊതിഞ്ഞിരുന്നു. അതനുസ്മരിച്ചു കൊണ്ട് ദുഃഖവെള്ളിയാഴ്ച ശുശ്രൂഷയിൽ സ്ലീബാ പൊതിയാൻ ഉപയോഗിക്കുന്ന തുണിക്ക് കെത്താന എന്നു പറയാറുണ്ട്. സീറോമലബാർസഭയിൽ കാസയും പീലാസയും വയ്ക്കുന്നതിന് അൾത്താരമേൽ വിരിക്കുന്നതിനുള്ള ചെറിയ തുണിക്ക് കെത്താന എന്നു പറയാറുണ്ട്.

അൾത്താരയിൽ കാസ, പീലാസ, സക്രാരിയിൽ കുസ്തോതി എന്നിവ വെയ്ക്കുന്നതിന് ഉപയോഗിക്കുന്ന തുണിയാണിത്. സാധാരണയായി ഇതിന് 20" സമചതുരമുണ്ടായിരിക്കും. ലത്തീൻസഭയിലെ പ്രത്യേക കുർബാന (Tridentine Mass)യിൽ ഈ തൂവാലയിൽ തന്നെയാണ് കുർബാന വച്ചിരിക്കുന്നത് (ഇങ്ങനെയാണ് Corpusbody എന്ന പദത്തിൽ നിന്ന് Coporal എന്നു പേരുണ്ടായത്). അൾത്താര കർത്താവിന്റെ കബറിടത്തിന്റെ പ്രതീകമാണ്. എങ്കിലും, കല്ലറയിൽ കർത്താവിന്റെ ശരീരം

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ഡിസംബർ 18-ാം തീയതി ആവർത്തിക്കപ്പെടുന്നു. വി. തോമാശ്ലീഹാ രക്തസാക്ഷിത്വം വരിച്ചപ്പോൾ രക്തം പുരണ്ടതാണ് ഈ കുരിശെന്ന് കരുതപ്പെടുന്നു.

### ഡീക്കൻ (മ്ശംശാന)

വൈദികശ്രേണിയിലെ മൂന്നാമത്തെ പദവിയാണ് മ്ശംശാന. മെത്രാൻപദവിയും പൗരോഹിത്യപദവിയുമാണ് ആദ്യത്തെ രണ്ടെണ്ണം. സമൂഹത്തെ സേവിക്കുവാനും അൾത്താരയിൽ ശുശ്രൂഷ ചെയ്യുവാനുമായിട്ടാണ് ഡീക്കന്മാരെ പ്രത്യേകം തെരഞ്ഞെടുക്കുന്നത് (നടപടി 6). ശുശ്രൂഷി എന്നാണ് ഈ പദത്തിന്റെ അർത്ഥം.

ഡീക്കന്മാർ ആദ്യനൂറ്റാണ്ടുമുതൽ ഉണ്ടായിരുന്നു. കാലക്രമത്തിൽ രണ്ടു തലത്തിലുള്ള ഡീക്കന്മാർ ഉണ്ടായി. ഒന്നാമത്തെ കൂട്ടർ ഡീക്കൻപദവി വൈദിക പട്ടം സ്വീകരിക്കുന്നതിനുള്ള ഒരുക്കമായാണു സ്വീകരിക്കുന്നത്. മെത്രാനു ശുശ്രൂഷ ചെയ്യുക, ആരാധനക്രമത്തിൽ വിശ്വാസികളെ നയിക്കുക, ഡീക്കന്മാരുടെ ചുമതല ഇവയൊക്കെയാണ്. വൈദികപട്ടം സ്വീകരിക്കാതെ, ആരാധനാശുശ്രൂഷയുടെ നേതൃത്വം കൊടുക്കുന്ന, സമർപ്പിതരാണ് രണ്ടാമത്തെ കൂട്ടർ. ഇവരുടെ കൂടെ വിവാഹിതരും അവിവാഹിതരുമുണ്ട്.

ആദ്യകാലങ്ങളിൽ സഭാശുശ്രൂഷയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട ഡീക്കന്മാർ ജീവപര്യന്തം ഇതേ പദവിയിൽ തുടർന്നുകൊണ്ടു സഭാസേവനം നിർവഹിച്ചുപോന്നിരുന്നു.

ശുശ്രൂഷി എന്നർത്ഥം വരുന്ന "ദിയാക്കോനോസ്" എന്ന ഗ്രീക്കുപദത്തിൽ നിന്ന് ഉൽഭവിച്ചതാണ് 'ഡീക്കൻ' എന്ന പദം. അക്കാലത്ത് പാശ്ചാത്യസഭയിൽ ഇപ്രകാരമുള്ള 'നിത്യഡീക്കന്മാർ' ഇല്ലാതായി. പകരം അതു പൗരോഹിത്യത്തിനുമുമ്പുള്ള ഒരു പദവിയായി മാറി. അന്നു പാശ്ചാത്യസഭയിലുണ്ടായിരുന്ന ഏഴ് പട്ടങ്ങളിൽ ആറാം പട്ടമായി അതിനെ കണക്കാക്കുകയും ചെയ്തു. ലത്തീൻസഭയുടെ സ്വാധീനംമൂലമാണ് നമ്മുടെ സഭയിലും ആറാം പട്ടക്കാരൻ എന്ന സംജ്ഞ പ്രചാരത്തിൽ വന്നത്. പൗരസ്ത്യസഭയിൽ ഡീക്കൻ സ്ഥാനത്തിന്റെ പേര് 'മ്ശംശാന' എന്നാണ്, അർത്ഥം ശുശ്രൂഷി.

പുതിയനിയമത്തിൽ പലപ്രാവശ്യം ഡീക്കന്മാരെപ്പറ്റി പറയുന്നുണ്ടെങ്കിലും അപ്പസ്തോല നടപടി 6-ാം അദ്ധ്യായം 1-6 വരെയുള്ള വാക്യങ്ങളിൽ ഡീക്കന്മാരെ തെരഞ്ഞെടുത്ത സംഭവം ഉണ്ടല്ലോ. അവിടെ പരാമർശിക്കുന്നത് യഥാർത്ഥഡീക്കന്മാർ തന്നെയായിരുന്നുവോ എന്നതു സന്ദേഹകരമാണ്.

എങ്കിലും, ഏഴ് എന്നത് വളരെക്കാലത്തേയ്ക്ക് ഡീക്കന്മാരുടെ എണ്ണമായി റോമിൽ കണക്കാക്കപ്പെട്ടുപോന്നു. പുതിയനിയമത്തിൽ മെത്രാൻ, പുരോഹിതൻ എന്നിവരോടൊത്തു ഡീക്കന്മാരും സഭാഭരണത്തിലെ ഘടകമായിരുന്നു. തിരുക്കർമങ്ങളിലും സഭാഭരണത്തിലും അവർക്കു സ്ഥാനമുണ്ടായിരുന്നു. റോമിൽ പലപ്പോഴും ഡീക്കന്മാരെ മെത്രാന്മാരായി തെരഞ്ഞെടുത്തിരുന്നു. മധ്യയുഗങ്ങളിൽ പുരോഹിതന്മാർ ഇടവകകളുടെ പൂർണാധികാരികളായി. അതോടെ ഡീക്കന്റെ സ്ഥാനം നഷ്ടപ്പെട്ടു. പാശ്ചാത്യസഭയിൽ ആദ്യകാലങ്ങളിൽ അഗതികളെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വമുണ്ടായിരുന്നതിനാൽ പലയിടത്തും സഭയുടെ വസ്തുവകകൾ കൈകാര്യം ചെയ്തതും ഡീക്കന്മാർതന്നെയായിരുന്നു. അതോടൊപ്പം സുവിശേഷം വായിക്കാനും കുർബാന നൽകാനും ആരാധനാ സമൂഹത്തിൽ പ്രാർത്ഥനയ്ക്കു നേതൃത്വം നല്കാനും മാമ്മോദീസാ പരികർമം ചെയ്യാനുമുള്ള ഉത്തരവാദിത്വവും അവർക്കുണ്ടായിരുന്നു. മധ്യയുഗങ്ങളുടെ അവസാനമായപ്പോഴേയ്ക്കും പാശ്ചാത്യസഭയിൽ ആർച്ചുഡീക്കന്റെ ഭരണനിർവഹണാധികാരം പുരോഹിതമാർ ഏറ്റെടുത്തു. സുവിശേഷവും പുരോഹിതൻതന്നെ വായിച്ചുതുടങ്ങി. പാശ്ചാത്യസഭകളിൽ പൗരോഹിത്യ പദവിയിലേയ്ക്കു കയറുന്നതിനുമുമ്പുള്ള പടിയായി ഡീക്കൻ സ്ഥാനം കരുതപ്പെട്ടിരുന്നു. ആ സഭകളിൽ ഇന്നു നിത്യഡീക്കന്മാരുണ്ട്. തിരുക്കർമങ്ങളിലുള്ള അവരുടെ ഉത്തരവാദിത്വം ശ്രദ്ധേയമാണ്. പ്രോട്ടസ്റ്റന്റു സഭകളിൽ ഡീക്കൻ ദരിദ്രരെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വമുള്ളയാളാണ്. തിരുക്കർമ്മങ്ങളുമായി പലപ്പോഴും അയാൾക്ക് യാതൊരു ബന്ധവുമില്ല. ബാപ്റ്റിസ്റ്റുസഭ ഡീക്കന്മാരെ തിരുക്കർമങ്ങളിൽ സഹകരിപ്പിക്കുന്നുണ്ട്.

ഒരാളെ ഡീക്കൻപദവിയിലുയർത്തുക എന്നത് വളരെ പ്രാധാന്യമുള്ളതാണ്. തിരുപ്പട്ടക്രമത്തിലെ പ്രാർത്ഥനകളും ആചാരങ്ങളും ഇതു വിളിച്ചറിയിക്കുന്നു. ഓരോ സഭയിലും ഓരോ രീതിയിലുള്ള ആചാരമാണുള്ളത്. പൗരസ്ത്യസുറിയാനിപാരമ്പര്യത്തിൽ സ്ഥാനിക്ക്

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

ഈ സഭയുടെ ലിറ്റർജിയിൽ സ്തുതിക്കുന്നു. അപകടങ്ങളും പ്രതിസന്ധികളും നിറഞ്ഞ അർമേനിയൻസഭയിൽ മാതാവിനെ ആത്മാർത്ഥമായി വിളിച്ചപേക്ഷിക്കാൻ ഈ ഭക്തി സഹായിക്കുന്നു.

### 5. കോപ്റ്റിക് സഭ

ഈ സഭയുടെ ആദ്യകാലപ്രമുഖ വ്യക്തികളായി ക്ലെമന്റ്, അത്തനേഷ്യസ്, സിറിൽ എന്നിവർ മാതാവിനെ ദൈവശാസ്ത്രപരമായി പ്രകീർത്തിച്ചിട്ടുളളവരാണ്. തിരുക്കുടുംബത്തിന്റെ പ്രവാസം അനുസ്മരിക്കുന്ന തീർത്ഥാടനകേന്ദ്രങ്ങളും ദൈവാലയങ്ങളും അവിടെയുണ്ട്. സാധാരണ തിരുനാളുകളോടൊപ്പം സ്വർഗാരോപണത്തിരുനാൾ രണ്ടുഘട്ടമായി ഘോഷിക്കുന്നു. ജനുവരിയിൽ മാതാവിന്റെ മരണവും നിദ്രയും ആഗസ്റ്റിൽ സ്വർഗാരോപണവും മഹത്വീകരണവും. ആഗസ്റ്റിൽ തിരുനാളിനു മുൻപ് 15 ദിവസത്തെ നോമ്പ് ഈ സഭ തനതായി ആചരിക്കുന്നു. കൂടാതെ ഈജിപ്റ്റിലേക്കുള്ള പ്രവേശനം (മെയ് 19) ആചരിക്കുന്നുണ്ട്. വീടുകളിലൊക്കെ മാതാവിന്റെ ചിത്രങ്ങൾ സൂക്ഷിക്കുന്നുണ്ട്.

### 6. എത്യോപ്യൻ സഭ

മറിയത്തെ ദൈവമാതാവായും വിശ്വാസികളുടെ നാഥയായും ദയാനിധിയായ കന്യകയായും കരുതി ആദരിക്കുന്നു. ഈശോയുടെ ജനനം, കാൽവരി, സ്വർഗീയ മധ്യസ്ഥ ഇവയുമായി മാതാവിനെ ബന്ധപ്പെടുത്തി തിരുനാളുകൾ ഈ സഭയിലുണ്ട്. ഈശോയും മാതാവുമായി ചെയ്ത അനുകമ്പയുടെ കരാർ അനുസരിച്ച് അവൾ വിശ്വാസികളെ സഹായിക്കുന്നുവെന്നത് ഓർക്കുന്ന തിരുനാളാണ് ഫെബ്രുവരി 10.

## മരിയൻ തീർത്ഥാടനകേന്ദ്രങ്ങൾ

ദേശീയവും അന്തർദേശീയവുമായ വിശ്രുതി ആർജിച്ച നിരവധി മരിയൻ തീർത്ഥാടനകേന്ദ്രങ്ങൾ ഉണ്ട്. മതഭക്തിയും ദൈവാനുഭവും അത് ഭക്തർക്ക് പ്രദാനം ചെയ്യുന്നു. ഏതാനും ഉദാഹരണങ്ങൾ:

### അൾജീരിയായിലെ ആഫ്രിക്കൻ മാതാവ്

ഫ്രാൻസിൽ നിന്ന് 1840-ൽ കൊണ്ടുവന്ന അമലോത്ഭവമാതാവിന്റെ പിച്ചളരൂപമാണിത്. അർജന്റീനായിൽ പരാഗ്വായിലെയും ഉർഗ്വെയിലെയും മദ്ധ്യസ്ഥയായ അമലോത്ഭവ മാതാവിന്റെ ഈ രൂപം ബ്യൂനോസ് അയേഴ്സിനടുത്ത് അത്ഭുതകരമായി പ്രത്യക്ഷപ്പെട്ടതാണ്. പത്തുലക്ഷത്തോളം ഭക്തജനങ്ങൾ അവിടെ ഒരുവർഷം സന്ദർശിക്കാറുണ്ട്.

### സിലോൺ

ക്രൈസ്തവരും അക്രൈസ്തവരും സന്ദർശിക്കുന്ന പതിനേഴാം നൂറ്റാണ്ടുമുതലുള്ള മധുവിലെ മാതാവ് (Our Lady of Madhu).

### ഇംഗ്ലണ്ട്

1241-ൽ ആരംഭിച്ച ഒരു കർമലീത്താ ആശ്രമത്തിലെ ചാപ്പലാണ് ഇത്. കർമലീത്താക്കാരുടെ പാലകിയായ മാതാവിന്റെ രൂപവും, വി. സൈമൻ സ്റ്റോക്കിന്റെ തിരുശേഷിപ്പും അവിടെ ഉണ്ട്.

### ഫ്രാൻസ്

(☞"ലൂർദു മാതാവ്", "ലാ- സലെറ് മാതാവ്" അന്യത്ര കാണുക). പാരീസിലെ നോട്ടർഡാം കത്തീഡ്രലിൽ (1163) മേരിയുടെ ജീവചരിത്രരംഗങ്ങൾ സൂചിപ്പിക്കുന്ന ശില്പങ്ങൾ സന്ദർശകരെ ആകർഷിക്കുന്നുണ്ട്.

### ജർമ്മനി

മ്യൂണിക്കിൽ നിന്നും 60 മൈൽ അകലെയുള്ള ആൾടേറ്റിങ്ങിലെ 'ആൾട്ടോറ്റിംഗ് മാതാവിന്റെ ദൈവാലയം 877-ൽ രാജകൊട്ടാരത്തിന്റെ ഭാഗമായിരുന്നു. അവിടുത്തെ മാതാവിന്റെ രൂപം 1128-ൽ ഉണ്ടാക്കിയതാണ്.

### അയർലണ്ട്

(☞ "Our Lady of Knock" കാണുക (1622))

### ഇസ്രായേൽ

ഇസ്രായേലിലെ മംഗലവാർത്താ ബസ്സിലിക്ക, തിരുജനനബസ്സിലിക്ക, മാതാവിന്റെ നിദ്രയുടെ ദൈവാലയം, മാതാവ് എലിസബത്തിനെ സന്ദർശിച്ച ഐൻങ്കരിമിലെ ദൈവാലയം എന്നിവ തീർത്ഥാടകരുടെ ശ്രദ്ധ ആകർഷിക്കുന്നു.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ആദ്യകാലങ്ങളിൽത്തന്നെ മൃതദേഹം സംസ്കരിക്കാൻ ഒരുക്കിയപ്പോൾ പ്രാർത്ഥനകളും സങ്കീർത്തനങ്ങളും ചൊല്ലിയിരുന്നു.

1614-ലെ റോമൻ തക്സായിൽ സങ്കീർത്തനമാലപിച്ചുകൊണ്ട് മൃതദേഹം പ്രദക്ഷിണമായി ദൈവാലയത്തിലേക്ക് കൊണ്ടുവരുകയും തുടർന്ന് മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസ് സൗകര്യമെങ്കിൽ ചൊല്ലുകയും ചെയ്തിരുന്നു. കുർബാനയെ തുടർന്ന് ഗാനങ്ങൾ ആലപിച്ച് മൃതദേഹം സെമിത്തേരിയിലേക്ക് കൊണ്ടുവരുന്നു. കീർത്തനം ശ്രുശ്രൂഷയുടെ ഭാഗമാണ്. പറുദീസായിലേക്കുള്ള പ്രവേശനവും ശരീരത്തിന്റെ ഉയിർപ്പും പ്രതിപാദിക്കുന്നതോടൊപ്പം പാപമോചനവും അന്ത്യവിധിയെക്കുറിച്ചുള്ള ഭയവും ശുശ്രൂഷയിലുണ്ട്.

1969-ലെ റോമൻക്രമം മൂന്നു രീതികൾ നൽകുന്നുണ്ട്. രണ്ടാംവത്തിക്കാൻ സൂനഹദോസിന്റെ നിർദേശമനുസരിച്ച് ക്രിസ്തീയ മരണത്തിന്റെ പെസഹാരഹസ്യസ്വഭാവവും പ്രാദേശികസാംസ്കാരികാനുരൂപണവും ഉൾക്കൊള്ളുന്നവയാണിത്.

## ആംഗ്ലിക്കൻ സഭയിൽ (Funeral)

1549-ൽ ആർച്ച് ബിഷപ്പ് ക്രാമ്മർ (Cranmer) മൃതസംസ്കാരച്ചടങ്ങ് വെട്ടിച്ചുരുക്കി. അതിനോടനുബന്ധിച്ച് മരിച്ചവർക്കുവേണ്ടി കുർബാനചൊല്ലുന്ന രീതി ഉപേക്ഷിച്ചു കളഞ്ഞു. ഈശോയോടൊത്തുള്ള വിശ്രമം, ജീവനിലേക്കുള്ള ഉയിർപ്പ് എന്നീ ആശയ ങ്ങൾക്ക് പ്രാധാന്യം നൽകി. 1552-ൽ മൃത സംസ്കാരശുശ്രൂഷമുഴുവനും സെമിത്തേരിയിൽ മാത്രമാക്കി. 1 കോറി 15-ന്റെ വായനയും ചെറിയ ലുത്തിനിയായും കർത്തൃ പ്രാർത്ഥനയും മാത്രമാക്കി ശുശ്രൂഷയുടെ ഉള്ളടക്കം. മരിച്ചവർക്കുവേണ്ടിയുള്ള യാചനാ പ്രാർത്ഥനകൾ അപ്രത്യക്ഷമായി. ജീവിക്കുന്ന വർ മരിച്ചവരുടെയൊപ്പം അന്ത്യനാളിൽ ഉയിർത്തെഴുന്നേൽക്കുമെന്നതിന് ഊന്നൽ നൽകി. ശുദ്ധീകരണസ്ഥലം എന്ന ആശയം കാണാതായി. പ്യൂരിറ്റൻസഭാസമൂഹത്തിൽ മൃതസംസ്കാരശുശ്രൂഷതന്നെ നിഷിദ്ധമായി (The Puritan Westminister Directory of Public worship).

കഴിഞ്ഞ ഒന്നരനൂറ്റാണ്ടിനുള്ളിൽ സാമൂഹികജീവിതവും ചിന്താധാരകളും മാറിയതിന്റെ വെളിച്ചത്തിൽ, ആംഗ്ലിക്കൻ ആരാധനാസമൂഹങ്ങളിൽ പല വ്യതിയാനങ്ങളുമുണ്ടായി. സമൂഹത്തിൽ നല്ലൊരു ഭാഗം ആളുകൾ ക്രൈസ്തവമൃതസംസ്കാരം ആഗ്രഹിച്ചു. അടുത്തകാലങ്ങളിൽ മൃതസംസ്കാരത്തിനുപകരം 'ശവദാഹം' സ്ഥാനം പിടിച്ചതോടെ പൊടിയിൽനിന്ന് പൊടിയിലേക്ക്, മണ്ണിൽനിന്നു മണ്ണിലേക്ക് എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ അപ്രസക്തമായി കണ്ടുതുടങ്ങി.കുട്ടികൾക്കുവേണ്ടിയുള്ള മൃതസംസ്കാരശുശ്രൂഷകളും ആവശ്യമായിത്തീർന്നു. ദുഃഖാർത്തരായ കുടുംബാംഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതും മൃതസംസ്കാരത്തോടനുബന്ധിച്ച് കുർബാന സ്വീകരണശുശ്രൂഷകൂടി ചേർക്കുന്നതും ദൃശ്യമായി. മരിച്ചവർക്കുവേണ്ടിയുള്ള യാചനകൾ വീണ്ടും കൂട്ടിച്ചേർത്തുതുടങ്ങി.

ബാപ്റ്റിസ്റ്റുകളുടെ ശുശ്രൂഷയ്ക്കു രണ്ടു ഭാഗങ്ങളുണ്ട്-പള്ളിയിലും കുഴിമാടത്തിലും. വൈദികൻ അല്ലെങ്കിൽ, അല്മായൻ ശുശ്രൂഷയ്ക്ക് നേതൃത്വംനൽകുന്നു. പ്രഭാഷണം പ്രധാനമാണ്. വേദപുസ്തകത്തിലുള്ള സമാശ്വാസമാണ് അതിലെ പ്രതിപാദനം.

## ലൂഥറൻ സഭയിൽ

മരിച്ചവർക്കുവേണ്ടിയുള്ള കുർബാന ആദ്യംമുതലേ എതിർത്തിരുന്ന (1520) കുടുംബാംഗങ്ങളുടെ ഇഷ്ടത്തിന് മൃതസംസ്കാരം വിട്ടുകൊടുത്തു. പ്രത്യേക പ്രാർത്ഥനകൾ ഒന്നുമില്ലായിരുന്നു. ലത്തീനിലും ജർമനിലുമുള്ള കുറെ ഗീതങ്ങൾ ഉണ്ടാക്കുകയുംചെയ്തു. മരണത്തെ നിഷേധിക്കുന്നുവെന്നു കാണിക്കാൻ ആഘോഷപൂർവമായ പ്രദക്ഷിണം സംഘടിപ്പിക്കാമെന്നുമായി. മൃതസംസ്കാരം വിശ്വാസവും ഭക്തിയും ഉദ്ദീപിപ്പിക്കുവാൻ ഉതകുന്നതായിരിക്കണം. മൃതദേഹമല്ല ശ്രദ്ധാകേന്ദ്രം, പ്രത്യുത, പ്രാർത്ഥനകളും ഗാനങ്ങളും പ്രസംഗവും പ്രതിപാദിക്കുന്ന ഉയിർപ്പിലുള്ള വിശ്വാസമാണ്. മരണംവഴി ഏകശരീരത്തിൽ നിന്ന് അംഗങ്ങൾ വിഛേദിക്കപ്പെടുന്നില്ല എന്നു കാണിക്കാൻ ശവകുടീരം വരെ അനുഗമിക്കുന്നത് പ്രോൽസാഹിപ്പിച്ചു തുടങ്ങി. വിലാപഗാനങ്ങളല്ല, പ്രത്യുത, വിശ്രമത്തെയും പാപവിമോചനത്തെയും പറ്റിയുള്ള ആശ്വാസഗീതങ്ങളാണ് ആലപിക്കേണ്ടത് (Luther, Wa 35, 478 F). ജീവിക്കുന്നവരുടെ വിശ്വാസദാർഢ്യത്തിനും മരിച്ചവരുടെ ജീവനുംവേണ്ടിയുള്ള കൃതജ്ഞതാ പ്രകാശനമാണ് ശുശ്രൂഷയുടെ ഉള്ളടക്കം. മൃതദേഹം കുഴിയിൽ വെച്ചതിനു ശേഷമാണ്, മനുഷ്യാ, നീ മണ്ണാകുന്നു എന്ന് ചൊല്ലുന്നത്. "നീ മണ്ണിൽ നിന്നുള്ളവൻ, നീ മണ്ണിലേക്കു പിന്തിരിയണം. കർത്താവീശോ

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

## രക്തം

പുരാതന മധ്യപൂർവ്വമതങ്ങളിലൊക്കെ ജീവന്റെ ഇരിപ്പടം രക്തമാണെന്ന ചിന്തയുണ്ടായിരുന്നു. യഹൂദരുടെ ചിന്താഗതിയാൽ ദൈവം മനുഷ്യനിലേക്ക് നിശ്വസിച്ച ജീവശ്വാസം രക്തത്തിലാണ് അലിഞ്ഞുചേർന്നത്. അക്കാരണത്താൽ രക്തം വിശുദ്ധമാണെന്നും അതിനാൽ മനുഷ്യൻ അത് കുടിക്കരുതെന്നും അവർ വിശ്വസിച്ചിരുന്നു. ബലികളിൽ രക്തം ചിന്തിയിരുന്നു. ഹിന്ദുക്കളുടെ ഇടയിലെ പിതൃപൂജയ്ക്കുള്ള കോവിവെട്ടു യഹൂദരുടെ പെസഹാക്കുഞ്ഞാടും ബലിക്കുള്ള



"അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന രക്തം"

താണ്. എല്ലാ ജീവസൃഷ്ടങ്ങളിലും ജീവന്റെ അടയാളം രക്തമാകയാൽ രക്തം സൃഷ്ടികളും ദൈവവുമായുള്ള ബന്ധത്തെ സൂചിപ്പിച്ചു. ഇസ്രായേൽ ജനത്തെ സംഹാരദൂതനിൽ നിന്നും രക്ഷിച്ചത് രക്തം തളിച്ചായിരുന്നു.

മാംസവും രക്തവും കൊണ്ട് സൃഷ്ടിക്കപ്പെട്ടതാണ് മനുഷ്യനും മൃഗങ്ങളും. ജീവൻ രക്തത്തിൽ ഉള്ളതിനാൽ രക്തം ചിന്തരുത്. രക്തം ഭൂമിയിൽ വീഴ്ത്തിയാൽ ദൈവം പ്രതികാരം ചോദിക്കും. "ആബേലിന്റെ രക്തം പ്രതികാരത്തിനായി നിലവിളിക്കുന്നു". (ഉല്പത്തി. 4:10) ബലിയായ് അർപ്പിക്കപ്പെട്ട രക്തം ജീവനെ പ്രതിനിധാനം ചെയ്യുന്ന ദൈവത്തിന് നല്കുന്നു. രക്തചൊരിച്ചിൽ അതിക്രമവും മരണവും സൂചിപ്പിക്കുന്നു. വേദപുസ്തകത്തിൽ ഇപ്രകാരം 400 പ്രാവശ്യം രക്തത്തെപ്പറ്റിയുള്ള പരാമർശമുണ്ട്.

ഈശോയുടെ മരണം ബലിയായും പാപപരിഹാരകൃത്യമായും കരുതപ്പെടുന്നു. ആ രക്തചൊരിച്ചിൽ ദൈവവുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. അത് അൾത്താരയിന്മേലോ അതിന്റെ ചുവട്ടിലെ മദ്ബഹായ്ക്ക് മുമ്പിലോ അൾത്താരയുടെ അഗ്രങ്ങളിലോ ഒഴിക്കുന്നു. പെസഹാദിനം വധിക്കപ്പെട്ട ആടിന്റെ രക്തം കട്ടിളപ്പടികളിൽ തളിച്ചത് ഇസ്രായേൽക്കാരെ മരണത്തിൽനിന്ന് രക്ഷിച്ചു (പുറ12:7-15). ദൈവവുമായുള്ള ഉടമ്പടിയിൽ രക്തം അൾത്താരയിലും ജനങ്ങളുടെമേലും തളിച്ചു. ദൈവവും ജനവും ഒരേ ജീവനിൽ പങ്കുപറ്റുന്നു എന്നതിന്റെ സൂചനയാണത്. ബലിയർപ്പിക്കപ്പെട്ട മൃഗങ്ങളുടെ രക്തം ഇസ്രായേൽക്കാരുടെ പാപങ്ങൾക്ക് മോചനം നല്കിയെങ്കിൽ അതുപോലെ ഈശോയുടെ രക്തം പാപത്തിൽനിന്ന് മോചിപ്പിക്കുന്നു. ഹെബ്രായക്കാർക്കുള്ള ലേഖനത്തിൽ ഈ പ്രമേയം ശക്തമായി അവതരിപ്പിച്ചിരിക്കുന്നു.

ഈശോയുടെ രക്തം കുർബാനയിൽ പാനം ചെയ്യാനുള്ളതാണ്. കുർബാനവഴി ഈശോയിൽ നിന്നു ശിഷ്യരിലേക്കു പകരുന്ന ജീവന്റെ അടയാളമാണത്. പുതിയ ഉടമ്പടിയുടെ രക്തമാണത്. ആ രക്തംകൊണ്ട് മനുഷ്യനെ ദൈവവുമായി അനുരഞ്ജിപ്പിച്ചു. (കൊളൈ. 1:20) മൃഗത്തിന്റേതുപോലെ അല്ല ഈശോയുടേത്. ഈശോയുടെ രക്തം മാത്രം നമുക്ക് നീതികരണം നല്കുന്നു.

അവന്റെ രക്തം - കറയറ്റ കുഞ്ഞാടിന്റെ രക്തം - നമ്മുടെ മേൽ അവൻ തളിക്കുന്നു. നമ്മെ വിലയ്ക്കുവാങ്ങുന്നു. അതുകൊണ്ട് അവൻ വിജയമണിയുന്നു. രക്തം കുടിക്കരുതെന്ന പുരാതന നിയമം മാറി. ക്രിസ്ത്യാ

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

നോപ്പോളിറ്റൻ, കാൽഡിയൻ. അന്ത്യോക്യൻ ആരാധനക്രമത്തിന് പാശ്ചാത്യസുറിയാനി ആരാധനക്രമമെന്നും പറയാറുണ്ട്. അതു പോലെ, കാൽഡിയൻ ആരാധനക്രമം പൗരസ്ത്യസുറിയാനി, കാൽദായസുറിയാനി, അറമായ എന്നിങ്ങനെ ഭാഷാടിസ്ഥാനത്തിൽ പല പേരുകളിലറിയപ്പെടുന്നുണ്ട്. ഇത് പേർഷ്യയിൽ പ്രചരിച്ചിരുന്നതിനാൽ പേർഷ്യൻ ലിറ്റർജിയെന്നും നെസ്റ്റോറിയൻസ് ഉപയോഗിക്കുന്നതിനാൽ നെസ്റ്റോറിയൻ ലിറ്റർജിയെന്നും വിളിക്കപ്പെടുന്നുണ്ട്. ഈ അഞ്ചു പ്രധാന ലിറ്റർജികളിൽ അർമേനിയൻ ലിറ്റർജിയൊഴികെ മറ്റു നാലും ഇതര റീത്തുകാർ സ്വീകരിച്ചിട്ടുള്ളതായി കാണാം. ഉദാഹരണമായി, കാൽഡിയൻ അഥവാ പൗരസ്ത്യസുറിയാനി ലിറ്റർജിയാണ് സീറോ മലബാർ റീത്ത് സ്വീകരിച്ചിട്ടുള്ളത്. അതേസമയം സീറോ മലങ്കരറീത്തും മാറോനീത്താറീത്തും സ്വീകരിച്ചിട്ടുള്ളത് അന്ത്യോക്യൻ അഥവാ പാശ്ചാത്യ സുറിയാനിയാണ്. ഇതു തന്നെയാണ് യാക്കോബായക്കാരുടെ ആരാധനക്രമവും. കോപ്റ്റിക്ക് റീത്തിലും എത്യോപ്യൻറീത്തിലും അലക്സാണ്ഡ്രിയൻ ലിറ്റർജിയാണ് ഉപയോഗിക്കുന്നത്. ബൾഗേറിയൻ, ഹംഗേറിയൻ, ഗ്രീക്ക്, റുമേനിയൻ, റഷ്യൻ, യുക്രേനിയൻ, സേർബിയൻ, അൽബേനിയൻ തുടങ്ങിയ റീത്തുകൾ ബൈസന്റയിൻ ആരാധനക്രമമാണ് അനുഷ്ഠിക്കുന്നത്. മേൽപറഞ്ഞ പൗരസ്ത്യ ലിറ്റർജികളെയെല്ലാം ഭാഗികമായിമാത്രമേ ലിറ്റർജി കോൺസ്റ്റിറ്റ്യൂഷൻ ബാധിക്കുന്നുള്ളൂ.

*സീറോമലബാർ ലിറ്റർജി*

മലബാർസഭ പൗരസ്ത്യസുറിയാനി ആരാധനക്രമമാണ് സ്വീകരിച്ച് സ്വന്തമാക്കിയിട്ടുള്ളത്. പൗരസ്ത്യസുറിയാനിസഭയും മലബാർസഭയും തമ്മിലുള്ള ബന്ധം ആരംഭിച്ചതെന്നാണെന്ന് വ്യക്തമല്ല. അഞ്ചാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടുകൂടെയെങ്കിലും സഭാപരമായ ബന്ധം സുസ്ഥാപിതമായിരുന്നു എന്നാണ് കാർഡിനൽ ടിസറാങ്ങ് അഭിപ്രായപ്പെടുന്നത്. അന്നുമുതലെങ്കിലും ദൈവാരാധനയ്ക്കായി മലബാർസഭ ഉപയോഗിച്ചിരുന്നത് പൗരസ്ത്യസുറിയാനി ആരാധനക്രമമായിരുന്നിരിക്കണം. സ്വന്തമായ ലിറ്റർജിക്ക് അവർ രൂപംകൊടുത്തതായോ അപ്രകാരമൊന്ന് എന്നെങ്കിലും പ്രചാരത്തിലിരുന്നതായോ ഒരു രേഖയുമില്ല. അതിനാൽ, ആദ്യകാലം മുതൽക്കേ മലബാർസഭ പൗരസ്ത്യ സുറിയാനി ലിറ്റർജി തന്നെയായിരിക്കണം ഉപയോഗിച്ചിരുന്നത്. സുറിയാനിഅറമായ ഭാഷയിലുള്ള ഈ ആരാധനക്രമത്തിന്റെ ഉപയോഗത്തിൽനിന്നു തന്നെയാണ് പിൽക്കാലത്ത് മലബാർസഭയ്ക്ക് സീറോമലബാർസഭ എന്നു പേരു വന്നിട്ടുള്ളതും. ഏതായാലും പൗരസ്ത്യ സുറിയാനിലിറ്റർജി മാർത്തോമ്മാ ക്രിസ്ത്യാനികൾ സ്വീകരിക്കുകയും അവയിൽ വേണ്ടത്ര അനുരൂപണങ്ങൾ വരുത്തി അതിനെ സ്വന്തമാക്കുകയും ചെയ്തു എന്നതാണ് ചരിത്രവസ്തുത. തികച്ചും പൗരസ്ത്യമായ സുറിയാനി, പൗരസ്ത്യരായ മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് മറ്റേതൊന്നിനെക്കാളും ആകർഷകവും അനുകരണീയവുമായി തോന്നിയതിൽ അത്ഭുതത്തിനവകാശമില്ല. തങ്ങളുടെ ചിന്താഗതിക്കും മതാത്മക വികാരങ്ങളുടെ പ്രകാശനത്തിനും സ്വന്തമായ ആചാരരീതികൾക്കും പൗരസ്ത്യസുറിയാനി ആരാധനാനുഷ്ഠാനങ്ങൾ തികച്ചും സമുചിതമായിരുന്നു എന്ന അവബോധമാണ് മാർത്തോമ്മാക്രിസ്ത്യാനികളെ ഈ ആരാധനക്രമം സ്വീകരിക്കുന്നതിന് പ്രേരിപ്പിച്ചിട്ടുള്ള വസ്തുത.

ഏതായാലും സീറോ-മലബാർസഭയും അതിന്റെ ലിറ്റർജിയും തികച്ചും പൗരസ്ത്യമാണ്. അതിനാൽത്തന്നെ കൗൺസിലിന്റെ ലിറ്റർജി കോൺസ്റ്റിറ്റ്യൂഷൻ നമ്മുടെ ലിറ്റർജിയെ ഭാഗികമായിമാത്രമേ ബാധിക്കുന്നുള്ളു എന്ന വസ്തുത എപ്പോഴും ഓർമിക്കേണ്ടതാണ്. ആവശ്യമുള്ളപക്ഷം ലിറ്റർജി പരിഷ്കരിച്ച് അധുനാതനമാക്കുന്നത് നല്ലതുതന്നെ. പക്ഷേ,പാശ്ചാത്യസഭകളെ ഉദ്ദേശിച്ച് നൽകിയിരിക്കുന്ന പ്രയോഗികനിർദ്ദേശങ്ങളെ പൗരസ്ത്യർ വെറും പരിഷ്കാരത്തിനുവേണ്ടി കണ്ണുമടച്ചനുസരിക്കുന്നത് പരമാബദ്ധമായിരിക്കും.

**പൗരസ്ത്യലിറ്റർജികളുടെ പരിഷ്കരണം**

പൗരസ്ത്യസഭകളെ പ്രത്യേകമായി ബാധിക്കുന്ന കൗൺസിലിന്റെ പ്രബോധനങ്ങളും നിർദേശങ്ങളും പൗരസ്ത്യസഭകളെ സംബന്ധിക്കുന്ന ഡിക്രികളിലാണ് കാണേണ്ടത്. പൗരസ്ത്യസഭയുടെ ആരാധനക്രമത്തെ സംബന്ധിച്ചുള്ള അതിപ്രധാനമായ ഡിക്രിയുടെ ഒരു ഭാഗമാണ് താഴെ ചേർക്കുന്നത്: "നിയമാനുസൃതമായ ആരാധനക്രമങ്ങളും ശിക്ഷണങ്ങളും സംരക്ഷിക്കാമെന്നും സംരക്ഷിക്കണമെന്നും എല്ലാ പൗരസ്ത്യ സഭകളും സുനിശ്ചിതമായി അറിഞ്ഞിരിക്ക

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



'ഞങ്ങളും' എന്ന് പറഞ്ഞ് പ്രാർത്ഥന ആരംഭിക്കാറില്ലാത്തതുകൊണ്ട് അത് ഈ വിടവ് വ്യക്തമാക്കുന്നുണ്ട്. തിയഡോറിലെ സ്ഥാപന വിവരണവും അദ്ദായി-മാറിയിലെ 'ഞങ്ങളും' എന്ന പ്രാർത്ഥനയും തമ്മിൽ താരതമ്യപ്പെടുത്തിയാണ് അദ്ദേഹം ഈ വൈഷമ്യം പരിഹരിക്കുവാൻ ശ്രമിക്കുന്നത്. അദ്ദായി-മാറിയിലെ കല്പനാനു സ്മരണത്തിന്റെ ആരംഭം തിയഡോറിലെ സ്ഥാപനവിവരണത്തിൻെറ സമാപനം പോലെയാണെന്നും ഈ കല്പനാനുസ്മരണം അതിൻെറ യുക്തിപരമായ തുടർച്ചയായി വരുന്നുവെന്നുമുള്ള നിഗമനത്തിലേയ്ക്കാണ് ഈ താരതമ്യപഠനം അദ്ദേഹത്തെ എത്തിച്ചത്.

സ്ഥാപനവിവരണത്തിന്റെ ഉറവിടത്തെ സംബന്ധിച്ചിടത്തോളം രണ്ടു സിദ്ധാന്തങ്ങളുണ്ട്: മുമ്പ് സ്ഥാപനവിവരണം ഇല്ലാതിരുന്ന അനാഫൊറായിൽ അതു കൂട്ടിച്ചേർക്കപ്പെട്ടുവെന്നാണ് ഒന്നാമത്തെ അഭിപ്രായം. പരിഷ്കർത്താവ് തന്റെ ഉറവിടത്തിൽ അതു കണ്ടെത്തിയെന്നും ചില മാറ്റങ്ങളോടുകൂടി അതു പുനരവതരിപ്പിച്ചുവെന്നുമാണ് രണ്ടാമത്തെ സിദ്ധാന്തം.

വിശുദ്ധ ഗ്രന്ഥത്തിൽനിന്നോ മറ്റ് അനാഫൊറാകളിൽനിന്നോ സ്ഥാപനവിവരണം സ്വീകരിച്ചുവെന്ന്, പ്രത്യേകിച്ചും, വിശുദ്ധ അപ്രേമിന്റെ വാക്കുകളിൽ പ്രതിഫലിപ്പിക്കുന്ന പേർഷ്യൻ സഭയുടെ 4-ാം നൂറ്റാണ്ടിലെ സാക്ഷ്യം ശ്രദ്ധിക്കുന്നതു നന്നായിരിക്കും. 'ഓരോ സ്ഥലത്തുമുള്ള സഭയിൽ എന്റെ നാമത്തിൽ നിങ്ങൾ ഒരുമിച്ചു കൂടുമ്പോൾ, ഞാൻ ചെയ്തത് എൻെറ ഓർമയ്ക്കായി നിങ്ങൾ ചെയ്യുവിൻ". 'എൻെറ ഓർമയ്ക്കായി നിങ്ങൾ ഒരുമിച്ചുകൂടുമ്പോഴൊക്കെ' എന്ന തിയഡോറിൻെറ അനാഫൊറാഭാഗവുമായിട്ടല്ല, പ്രത്യുത, വി. അപ്രേമിൻെറ വാക്കുകളുമായിട്ടാണ് 'എൻെറ നാമത്തിൽ നിങ്ങൾ ഒരുമിച്ചുകൂടുമ്പോൾ' എന്ന അനാഫൊറായിലെ വാക്കുകൾ ബന്ധപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാണ്. വിശുദ്ധ അപ്രേം നല്കുന്ന സ്ഥാപനവിവരണത്തിൻെറ മാതൃകയിലുള്ള സ്ഥാപനവിവരണത്തിന് അടുത്ത ബന്ധം കാഴ്ചവെയ്ക്കുന്നതിന് എങ്ങനെ കല്പനാനുസ്മരണത്തിന്റെ ആരംഭം അനുയോജ്യമാണെന്ന് ഇപ്പോൾ വ്യക്തമാകുന്നു. അതുകൊണ്ട് ഇത്തരത്തിലുള്ള സ്ഥാപന വിവരണത്തോട് അനുരൂപണപ്പെടുത്തിയാണ് ഈ കല്പനാനുസ്മരണം രചിക്കപ്പെട്ടതെന്ന് അനുമാനിക്കാവുന്നതാണ്. അദ്ദേഹത്തിൻെറ സിദ്ധാന്തമനുസരിച്ച് അനാഫൊറായുടെ പരിണാമത്തിനു മൂന്നുഘട്ടങ്ങളുണ്ട്:

1. കൃതജ്ഞത: കല്പനാനുസ്മരണത്തോടുകൂടിയുള്ള സ്ഥാപനവിവരണം.
2 കൃതജ്ഞത: സ്ഥാപനവാക്യങ്ങൾ കൂടാതെയുള്ള അന്ത്യഅത്താഴവിവരണം, റൂഹാക്ഷണം.
3 കൃതജ്ഞത: റൂഹാക്ഷണം, സ്ഥാപനവാക്യങ്ങളിലില്ല.

പല ആരാധനക്രമപണ്ഡിതന്മാരും മറ്റു തെളിവുകളും ബോട്ടിൻെറ ഈ സിദ്ധാന്തത്തെ ചോദ്യം ചെയ്തിരിക്കുകയാണ്.

മാർ ഏശയ്യാ ടെക്സ്റ്റ് ബോട്ടിൻെറ വാദഗതികളെ വളരെ ബലഹീനമാക്കി, അതിലെ 'എളിയവരും......ഞങ്ങളും' എന്ന പ്രാർത്ഥനയിൽ 'എൻെറ നാമത്തിൽ' എന്ന വാക്യമില്ല. ഈ വാക്യത്തെയാണല്ലോ കല്പനാനുസ്മരണത്തെ സ്ഥാപനവിവരണവുമായി ബന്ധപ്പെടുത്തുന്നതിന് അദ്ദേഹം അടിസ്ഥാനമാക്കിയിട്ടുള്ളത്. അത് ടെക്സ്റ്റിൽനിന്നു നഷ്ടപ്പെട്ടതാണെന്ന വിശദീകരണം നല്കാമെങ്കിലും അതിൻെറ അഭാവം അദ്ദേഹത്തിൻെറ പുനഃസംവിധാനം ചെയ്യപ്പെട്ട സ്ഥാപനവിവരണത്തെ അസാധുവാക്കുന്നു.

റാറ്റ് ക്ലിഫിൻെറയോ ഗ്രിഗറി ഡിക്സിൻെറയോ 'എളിയവരും.....ഞങ്ങളും' എന്ന പ്രാർത്ഥനയെപ്പറ്റിയുള്ള പഠനം സ്വീകരിക്കുന്ന പക്ഷം തിയഡോറിൻെറ സ്ഥാപനവിവരണവും അദ്ദായി-മാറിയിലെ കല്പനാനുസ്മരണവും തമ്മിലുള്ള രണ്ടാമത്തെ സാദൃശ്യം അപ്രത്യക്ഷമാകുന്നു. 'ഞങ്ങളുടെ നാഥനും..... അനുഷ്ഠിക്കുകയും ചെയ്യുന്നു' എന്ന ഭാഗം പിൽക്കാലത്തു കൂട്ടിച്ചേർത്തതാകയാൽ അതിനെ ആ പ്രാർത്ഥനയിൽനിന്ന് ഡിക്സ് ഉപേക്ഷിക്കുന്നു. കൽദായപ്രതി 209-ലും മാർ ഏശയ്യാ ടെക്സ്റ്റിലും 'അനുഷ്ഠിക്കുന്ന' എന്ന ഒരു പുതിയപദം കൂട്ടിച്ചേർത്തിരിക്കുന്നു. സമാനാർത്ഥമുള്ള ഈ അപൂർണക്രിയകൾ സെമിറ്റിക് ശൈലി അനുസരിച്ച് വ്യത്യസ്ത കാലഘട്ടങ്ങളിൽ ടെക്സ്റ്റിനോടു കൂട്ടിച്ചേർക്കപ്പെട്ടതാണെന്ന് ഇത് സൂചിപ്പിക്കുന്നു. റാറ്റ്ക്ലിഫ് ഈ പ്രാർത്ഥനയിൽനിന്നു 'മഹനീയവും ഭീതിജനകവും പരിശുദ്ധവും ജീവദായകവും ദൈവികവും'എന്നീ വിശേഷണങ്ങൾ ഉപേക്ഷിച്ചു. മാർ ഏശയ്യാ

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

രൂപിയെ സൈ്ഥര്യലേപനത്തിൽ സ്വീകരിച്ചുകൊണ്ടാണ്. അതോടെ മിശിഹായുടെ പ്രവാചകനും, ദൈവത്തിന്റെ വക്താവും മിശിഹായുടെ സാക്ഷിയുമാകുന്നു. മിശിഹായുടെ അരൂപിയുടെ സുഗന്ധതൈലത്താൽ പൂശപ്പെടുന്ന ക്രിസ്ത്യാനി, അവൻ ജീവിക്കുന്നിടത്തെല്ലാം, പ്രവർത്തിക്കുന്നിടത്തെല്ലാം, അവിടത്തെ പരിമളം പരത്തുന്നു.

ക്യാമറായിലെ ഫിലിമിനു പ്രകാശത്തിൽ സംവേദനക്ഷമത ലഭിക്കുകയും ഏതൊരു വസ്തുവിന്റെയും ഛായ ഉൾക്കൊള്ളുവാനും പ്രതിഫലിപ്പിക്കാനും കഴിവുണ്ടാവുകയും ചെയ്യുന്നതുപോലെ സൈ്ഥര്യലേപനംവഴി ലഭിക്കുന്ന പരിശുദ്ധാത്മാവിന്റെ ആവാസത്താൽ ക്രിസ്ത്യാനി ശക്തി പ്രാപിച്ചു ചലനാത്മകനാകുന്നു. ആത്മാവിന്റെ വരങ്ങളാൽ പൂരിതനായി പക്വത പ്രാപിക്കുന്നു. കാറ്റു ചലിക്കുകയും മറ്റുള്ളവയെ ചലിപ്പിക്കുകയും ചെയ്യുന്നതുപോലെയാണ് അരൂപിയുടെ പ്രവർത്തനം (യോഹ3:8). ഇതുപോലെ തന്നെ ക്രിസ്ത്യാനിയും ചലനാത്മകനും ക്രിയാത്മകനുമാകുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ തന്റെ ശക്തിക്കും വളർച്ചയ്ക്കും പരിപക്വതയ്ക്കും നിദാനമായ പരിശുദ്ധാത്മാവിനെ സമൃദ്ധമായി സ്വീകരിക്കാതെ ക്രിസ്ത്യാനി ക്രിസ്ത്യാനിയാവുകയില്ല എന്നു ചുരുക്കം.

## സംക്ഷേപവേദാർത്ഥം

ക്ലെമെന്റ് പിയാനിയസ് എന്ന ഇറ്റാലിയൻ വൈദികൻ മലയാളത്തിൽ ആദ്യത്തെ മുദ്രണം ചെയ്തു. പേര് "സംക്ഷേപവേദാർത്ഥം". റോമിൽ മലയാളലിപിയായി ലഭിച്ചു. "നസ്രാണികൾ ഒക്കെക്കും അറിയേണ്ടുന്ന സംക്ഷേപവേദാർത്ഥം എന്നാണ് ഇതിന്റെ പൂർണ്ണശീർഷകം. ഗുരുശിഷ്യസംവാദരൂപത്തിലാണ് ഗ്രന്ഥരചന. കൂട്ടങ്ങൾ, പാഠങ്ങൾ, കാണ്ഡങ്ങൾ എന്നിങ്ങനെയാണ് വിഷയവിവരം തിരിച്ചിരിക്കുന്നത്. ക്രിസ്തുമതത്തിന്റെ മൗലിക വിശ്വാസസത്യങ്ങളും കർമ്മങ്ങളുമാണ് പ്രതിപാദ്യം. ചതരുവടിവിനു സാധർമ്മ്യമുള്ള ലിപികൾ ആണ് പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നത്.

## സംഘകാലാരാധന

ഏതാണ്ട് A.D. 3, 4, 5 നൂറ്റാണ്ടുകളിൽ വിരചിതമായ സംഘകാലകൃതികൾ പലതുണ്ട്. ചേര രാജാക്കന്മാരുടെ വീരോതിഹാസങ്ങൾ വർണിക്കുന്ന 'പതിറ്റുപത്ത്' എന്ന സമാഹാരത്തിൽ 100 കവിതകൾ (10x10) അടങ്ങിയിരിക്കുന്നു. (ജി. വൈദ്യനാഥഅയ്യർ, പതിറ്റുപത്ത്, തൃശൂർ 1997) 4-ാം നൂറ്റാണ്ടിലെഴുതിയ 'തിരുക്കുറൽ', ചിലപ്പതികാരം എന്നിവ ശ്രദ്ധേയങ്ങളാണ്.

### ദൈവാരാധന സംഘകാലത്ത്

ഏകദൈവാരാധന അവർക്കില്ലായിരുന്നു. വീരന്മാരായ പൂർവികരെയാണവർ ദൈവമായി ആരാധിച്ചിരുന്നത്. 'നാട്ടുകല്ലിനെയല്ലാതെ മറ്റൊന്നിനെയും ദൈവമായി ആരാധിക്കരുത്' (മാകുടി കീഴാർ:പുറം 335). വെളുപ്പിനെ നാട്ടുകല്ലിനെ നീരാട്ടി വിളക്കു വച്ചിരുന്നു (പുറം. 329). നാട്ടുകല്ലിന് കള്ള് നിവേദിച്ചിരുന്നു (പുറം 232). ഉഴവരുടെ ഗോത്രദൈവം പൂർവ ഇറാനിയരുടെ വോനനായിരുന്നു. ആയരുടെ 'മായോനാണ്' 8-ാം നൂറ്റാണ്ടോടെ വിഷ്ണുവായി മാറുന്നത്. കുറവരുടെ വേൽധാരി സിന്ധു താഴ്വരയിൽ നിന്നവരെ നയിച്ച നായകനാണ്. വേൽ= അറിയപ്പെടുന്ന സൈന്ധവ മുദ്രയാണ്. രാമനോ, കൃഷ്ണനോ, ഗണപതിയോ, പരമശിവനോ ഒന്നും സംഘകാലജനതയ്ക്കു പരിചിതരല്ലായിരുന്നു.

പരേതാത്മാക്കളെ കള്ളു നൽകി പൂജിക്കുന്ന പുരാതനസമ്പ്രദായം ഇന്നും കാണിക്കാൻ മലകുറവരും, മലവേടരും ഇതു പിൻതുടരുന്നു. വീടുകളോടനുബന്ധിച്ച് ഇന്നും മലദൈവങ്ങൾക്കും, മുത്തപ്പനും പ്രത്യേകം കൂരകൾ ഉണ്ട്. ചാന്നാൻ, ചാമുണ്ഡി, മാടൻ എന്നിവരെയും പൂജിച്ചു പ്രീതിപ്പെടുത്തിയിരുന്നു. ഭൂതാരാധന സംഘകാലത്തു വ്യാപകമായിരുന്നു. ശകുനങ്ങളിലും സ്വപ്നഫലങ്ങളിലും ഉറച്ചു വിശ്വസിച്ചിരുന്നു.

പതിറ്റുപത്ത് രണ്ടാം പാട്ടിൽ കവി കമ്മട്ടൂർ കണ്ണനാർ ഇരയവരമ്പൻ എന്ന ചേരരാജാവ് കാടുകൾ വെട്ടിത്തെളിച്ചു ധാരാളം കടവുൾ മേനകൾ (ഏകദൈവാരാധനാമന്ദിരങ്ങൾ) നിർമ്മിക്കുന്നതായി പാടിയിരിക്കുന്നു.

> "കാടേ കടവുൾ മേന പുറവേ
> ഒന്നിഴൈ മകളിരോടു മന്നർമേന,
> യാറെ, യവനെ താൻറ യൂത്താലാ
> ത്തുക്കുലം"

എന്നു തുടങ്ങുന്ന പതിറ്റുപത്ത് II/3 ലെ ശ്ലോകമാണിവിടെ പരാമർശം (G. വൈദ്യനാഥയ്യർ പതിറ്റുപത്ത് വിവർത്തനം, കേരള സ.അ. P.28).

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ക്കുകയും പവിത്രീകരിക്കുകയും" ചെയ്യണമെന്നാണ് കൽദായ അനാഫൊറകളിൽ.

അന്ത്യോക്യൻ-മലങ്കരസഭയിൽ പരിശുദ്ധാത്മാവിനെ ക്ഷണിക്കുന്ന കർമം നാം കണ്ട പ്രാർത്ഥന കൂടാതെ ഏതാനും ക്രിയകളും ഉൾക്കൊള്ളുന്നതാണ്. കൽപനാനുസ്മരണത്തിന്റെ അവസാനത്തിൽ പുരോഹിതൻ ധൂപകലശത്തിൽ കുന്തിരിക്കമിടുകയും തുടർന്ന് ശുശ്രൂഷകൻ സമർപ്പിതദ്രവ്യങ്ങളെ ലക്ഷ്യമാക്കി ധൂപം വീശുകയും ചെയ്യുന്നു. ഈ സന്ദർഭത്തിൽ കാർമികൻ റൂഹാക്ഷണ പ്രാർത്ഥനകൾ രഹസ്യമായി ചൊല്ലിക്കൊണ്ട് ആന്ദോലഷപൂർവമായി കൈകൾ ചലിപ്പിച്ച് ദിവ്യരഹസ്യങ്ങളുടെമേൽ മൂന്നു പ്രാവശ്യം ആവസിപ്പിക്കുന്നു. ഇതേ സമയത്തു തന്നെ മണിയടിക്കുകയും 'ഭയഭക്തിയോടുകൂടി ' നിൽക്കുവാൻ ശുശ്രൂഷകൻ പരസ്യമായി ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. ആകെക്കൂടെ പ്രതീകാത്മകത്വം നിറഞ്ഞ അംഗവിക്ഷേപങ്ങളും, അർത്ഥവത്തായ പ്രാർത്ഥനകളും ശുശ്രൂഷകന്റെ പ്രഖ്യാപനവും മണിയടിയും ധൂപിക്കലും എല്ലാംകൂടി ദിവ്യമായ അനുഭവം പ്രദാനം ചെയ്യുന്നു.

ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ OIC

## റൂഹാക്ഷണ പ്രാർത്ഥനയുടെ അർത്ഥതലങ്ങൾ

എല്ലാ സഭകളിലെയും കുർബാനക്രമത്തിലുള്ളതാണ് റൂഹാക്ഷണപ്രാർത്ഥന. അതു കുർബാനക്രമത്തിൽ പൂർണരൂപത്തിൽ ദൃശ്യമായപ്പോൾതുടങ്ങി സഭ ആദരിച്ച് അർത്ഥം അറിഞ്ഞ് ഉപയോഗിച്ചുവന്നതാണ്. എന്താണ് ഇതിന്റെ ആന്തരാർത്ഥം? അപ്പവും വീഞ്ഞും വിശുദ്ധീകരിക്കപ്പെട്ട് കർത്താവിന്റെ തിരുശ്ശരീരവും തിരുരക്തവുമായിമാറുന്നു. എല്ലാ വിശുദ്ധീകരണപ്രക്രിയയും പരിശുദ്ധാത്മാവിന്റേതാണെന്ന് സഭ വിശ്വസിക്കുന്നു. ഏറ്റം വലിയ വിശുദ്ധീകരണം എന്നു കരുതാവുന്ന പരിശുദ്ധ കുർബാനയിലും ആ റൂഹാതന്നെ പ്രവർത്തിക്കുന്നു. ഇതിന് ആധാരമായിട്ടുള്ളത് റൂഹാക്ഷണപ്രാർത്ഥനകളാണ്. കുർബാനയിലെ അപ്പവും വീഞ്ഞും തിരുശരീര രക്തങ്ങളാക്കി മാറ്റുന്നതും, മാമ്മോദീസാക്കുളത്തിലെ ജലത്തിന് നവജന്മം നൽകാനുള്ള ശക്തി പ്രദാനംചെയ്യുന്നതും പരിശുദ്ധാത്മാവിന്റെ പ്രവർത്തനംവഴിയാണ്. സ്ഥാനാർത്ഥിയെ തെരഞ്ഞെടുത്ത്, വിശുദ്ധീകരിച്ച്, വേർതിരിച്ച്, സഭയിലെ പുരോഹിതരാക്കുന്നതും പരിശുദ്ധാത്മാവാണെന്ന് കൈവയ്പു പ്രാർത്ഥന വ്യക്തമാക്കുന്നു. പുതിയ ദൈവാലയവും അൾത്താരയും കൂദാശ ചെയ്യുമ്പോൾ പരിശുദ്ധാത്മാവിനെ വിളിച്ചപേക്ഷിക്കുന്നു. ആ ആത്മാവ് വന്ന് വിശുദ്ധീകരിക്കുന്നതായിട്ടാണ് ദൈവാലയപ്രതിഷ്ഠാകർമത്തിലെ പ്രാർത്ഥനകൾ വ്യക്തമാക്കുന്നത്. ഇതേ പരിശുദ്ധാത്മാവ് മറ്റ് കൂദാശകളിൽ പ്രവർത്തിക്കുന്നതുപോലെ വലിയ വിശുദ്ധീകരണം നടക്കുന്ന കുർബാനയിലും പ്രവർത്തിക്കുന്നുവെന്ന് സ്പഷ്ടമാക്കുന്നതാണ് റൂഹാക്ഷണപ്രാർത്ഥന.

വിശുദ്ധീകരണം സാധിക്കുന്നതും ദൈവം അതിനുവേണ്ടി ഇടപെടുന്നതും യാന്ത്രികമായല്ല ഏകപക്ഷീയവുമായല്ല. ദൈവത്തിന്റെ ജനം നിർബന്ധപൂർവമായി വിളിച്ചപേക്ഷിക്കുമ്പോൾ ദൈവം സമാഗതനാകുന്നു. കർത്താവായ മിശിഹായേ എഴുന്നള്ളി വരണമേ, "കർത്താവേ! നിന്റെ പരിശുദ്ധാത്മാവെഴുന്നള്ളിവരട്ടെ"എന്നുള്ള സഭയുടെ മുറവിളിക്ക് ദൈവം ചെവികൊടുക്കുന്നു എന്നു നാം പ്രത്യാശിക്കുന്നു, വിശ്വസിക്കുന്നു. തൽസമയം പുരോഹിതൻ സാഷ്ടാംഗ പ്രണാമം ചെയ്ത് പ്രാർത്ഥിക്കുന്നതും ഭക്ത്യാദരവോടെ പ്രാർത്ഥിക്കാൻ ഡീക്കൻ ജനങ്ങളെ ആഹ്വാനം ചെയ്യുന്നതും ഈ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കുവാൻ. ബലിയിൽ ജനങ്ങൾക്കുള്ള പങ്ക് പ്രസ്പഷ്ടമാക്കത്തക്കതാണ് റൂഹാക്ഷണപ്രാർത്ഥന.

റൂഹാക്ഷണപ്രാർത്ഥന യാചന പ്രാർത്ഥനയായി പരിഗണിക്കേണ്ടതാണ്. പരിശുദ്ധാത്മാവ് അപ്പത്തിന്മേൽമാത്രമല്ല, കാർമികൻെറമേലും സമൂഹത്തിന്റെമേലും ആഗതനായി പ്രവർത്തിക്കണമെന്നതാണ് റൂഹാക്ഷണപ്രാർത്ഥനയുടെ ലക്ഷ്യം. വിവിധ കുർബാനക്രമങ്ങൾ അത് സ്പഷ്ടമായി പറയുന്നുണ്ടുതാനും. അപ്പത്തിലും വീഞ്ഞിലും മാത്രം വ്യതിയാനം വന്നാൽ പോരാ, കാർമികനിലും സമൂഹത്തിലും വ്യതിയാനം വരണം എന്നുകൂടി ഉദ്ദേശമുണ്ട്. അപ്പവും വീഞ്ഞും ഒരുക്കിയാൽമാത്രം പോരാ, ആത്മാവിന്റെ പ്രവർത്തനത്തിന് കാർമികനും സമൂഹവും ഒരുങ്ങുകയും ചെയ്യണം. പരിശുദ്ധ കുർബാന സ്വീകരിക്കുന്ന വിശ്വാസികളിൽ ഫലമുണ്ടാകാൻ ദൈവത്തിന്റെ ആത്മാവ് അവരിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. കടങ്ങളുടെ പൊറുതിയും പ്രത്യാശയും നവജീവനും ലഭി

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# ABBREVIATIONS

| | |
|---|---|
| AB | Analecta Bollandiana, Bruxelles |
| AFLW | Archiv fur Liturgiewissenschaft, Regensburg |
| AnL | Analecta Liturgica |
| BO | ASSEMANI J.S., *Bibliotheca Orientalis Clementino- Vaticanae de Scriptoribus Syris,* I - II - III, I - 2, Rome 1719 - 1728 |
| Co | Christian Orient, Kottayam, Kerala |
| Conc | Concilium |
| CQR | Church Quarterly Review, London |
| CSCO | Corpus Scriptorum Christianorum Orientalium, Louvain |
| Da | Dukrana(Mal.), Kottayam, Kerala. |
| Diak | Diakonia |
| DSp | Dictionnaire de Spiritualite, Paris |
| DTC | Dictionnaire de Theologie Catholique, Paris |
| ECQ | The Eastern Churches Quarterly, London |
| ECR | Eastern Churches Review, London |
| EL | Ephemaerides Liturgicae |
| EO | Les Echos d'Orient, Paris |
| GLS | Grove Liturgical Studies |
| Ir | Irenikon, Chevetogne, Belgium |
| JLW | Jahrbuch fur Liturgiewissenschaft, Munster |
| JTS | The Journal of Theological Studies, Oxford |
| Kat | Kathiroli, Kerala |
| LA | Liturgical Arts, New York |
| LJB | Liturgisches Jahrbuch, Trier |
| LO | Lex Orandi, Paris |
| LQF | Liturgiegeschichtliche Quellen und Forschungen, Munster |
| LW | Liturgisch Wooderboek |
| LWF | Liturgiewissenschaftiche Forschungen, Munster |
| MD | La Maison - Dieu, Paris |
| MUS | Le Museon, Louvain |
| NCE | New Catholic Encyclopaedia, Washington 1962-66 |
| OCA | Orientalia Christiana Analecta, Rome |
| OCP | Orientalia Christiana Periodica, Rome |
| OrSyr | L'Orient Syrien |
| ParOr | Parole de l'Orient, Kaslik, Libanon |
| PIOS | Pontificium Institutum Orientalium studiorum, Rome |
| POC | Proche-Orient Chretien, Jerusalem |
| PS | Patrologia Syriaca, Paris |
| QLP | Questions Liturgiques et Pastorale, Louvain |
| RL | Rivista Liturgica |
| SCS | Syrian Churches Series, Kottayam, Kerala |
| SL | Studia Liturgica |
| Sob | Sobornost |
| STCEI | The Saint Thomas Christians Encyclopaedia of India, Vol.2, Trichur, Kerala 1973 |
| TAV | Atribute to Arthur Voobus, R.H. FISCHER (ed), Chicago 1977 |
| Tuv | Tuvaik |
| W | Worship |
| WW | Word and Worship |

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

## ഗ്രന്ഥകാരനെപ്പറ്റി



**റവ. ഡോക്ടർ ജേക്കബ് വെള്ളിയാൻ (1934- )**

ആകർഷകമായ ഒരു ബഹുമുഖ വ്യക്തിത്വത്തിന്റെ ഉടമയാണ് റവ. ഡോക്ടർ ജേക്കബ്- വെള്ളിയാൻ. (കോട്ടയം രൂപതാ വൈദികൻ)

ദൈവഭയമെന്ന ജ്ഞാനത്തിന്റെ കനകമുദ്രയും പേറി യൗവ്വനാരംഭത്തിൽതന്നെ ഇദ്ദേഹം തന്റെ ജ്ഞാനാന്വേഷണപര്യടനം ആരംഭിച്ചു. ആരാധനക്രമവും ദൈവശാസ്ത്രവുമായിരുന്നു അദ്ദേഹം കൈവരിച്ച വിജ്ഞാനശാഖകൾ. യു. എസ് എ. യിലുള്ള നോട്ടർഡാം യൂണിവേഴ്സിറ്റിയിൽ നിന്ന് ആരാധനക്രമത്തിലും റോമിലെ സെൻറ് തോമസ് യൂണിവേഴ്സിറ്റിയിൽ നിന്നും ദൈവശാസ്ത്രത്തിലും ഡോക്ടറേറ്റുകൾ നേടി. പൗരസ്ത്യാരാധനക്രമത്തിലും പാശ്ചാത്യാരാധനക്രമത്തിലും റോമൻ യൂണിവേഴ്സിറ്റികളിൽ നിന്ന് ഇദ്ദേഹം എം. എ. ബിരുദങ്ങൾ സമ്പാദിച്ചിട്ടുണ്ട്.

മാതൃഭാഷ കൂടാതെ ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ, ഇറ്റാലിയൻ ഭാഷകളിൽ ഒട്ടേറെ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. മതപരമായ വിഷയങ്ങളെ ആസ്പദമാക്കി നാല്പതോളം സത്ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അഖില വിജ്ഞാനകോശം, സർവ്വവിജ്ഞാനകോശം, ബൈബിൾ വിജ്ഞാനീയം, സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപ്പീഡിയ, എന്നീ ഗ്രന്ഥങ്ങളിലായി അറുപതോളം ലേഖനങ്ങൾ അദ്ദേഹത്തിന്റേതായുണ്ട്. ആരാധനക്രമപണ്ഡിതൻമാരുടെ അന്താരാഷ്ട്ര സംഘടനയായ SOCIETAS-LITURGICA യുടെ പ്രസിഡന്റായിരിക്കാനുള്ള അസുലഭാവസരവും ഡോക്ടർ വെള്ളിയാന് ലഭിച്ചിട്ടുണ്ട്.

വിസ്മൃതിയിലാണ്ടുപോയ ഒരു നാടൻ കലാരൂപത്തിന് - മാർഗ്ഗംകളി - ക്ലേശത്തോടെ പുനഃപ്രതിഷ്ഠ നൽകുകയാൽ കലാകേരളത്തിന് സ്മരണീയനായിത്തീർന്ന വ്യക്തിയാണ് ഡോ. വെള്ളിയാൻ.



ആരാധനക്രമം പഠിച്ചും പഠിപ്പിച്ചും കൈകാര്യം ചെയ്തുമുള്ള വെള്ളിയാനച്ചന്റെ പരിചയസമ്പത്ത് ഈ ഗ്രന്ഥരചനയിൽ കാണാം.

കർദ്ദിനാൾ വർക്കി വിതയത്തിൽ
സീറോ-മലബാർ മേജർ ആർച്ചുബിഷപ്പ്.



പൗരസ്ത്യവും പാശ്ചാത്യവുമായ ആരാധനക്രമങ്ങളൊക്കെ ഈ ഗ്രന്ഥത്തിൽ പഠനവിഷയമാക്കിയതോടൊപ്പം സീറോ-മലബാർ സീറോ-മലങ്കര, ലത്തീൻ എന്നീ റീത്തുകൾക്ക് ഊന്നൽ നല്കിയതു നന്നായി.

സിറിൽ മാർ ബസീലിയോസ്.
സീറോ-മലങ്കര മെത്രാപ്പോലീത്ത.



ആശാവഹമായ ഒരു കാൽവയ്പ്പാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന 'ആരാധനക്രമ വിജ്ഞാനകോശം'. ആരാധനക്രമത്തിലെ വ്യത്യസ്തങ്ങളായ ഊന്നലുകൾ ആധ്യാത്മികതയുടെ വൈവിധ്യത്തെ സൂചിപ്പിക്കുന്നു.

മാർ ജോസഫ് പവ്വത്തിൽ
ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത.



'പുനരുദ്ധരിക്കപ്പെട്ട സീറോ-മലബാർ കുർബാന' എന്ന ഗ്രന്ഥം 1961ൽ രചിച്ച വെള്ളിയാനച്ചന്റെ ലിറ്റർജിയിലുള്ള അഭിരുചിയും പണ്ഡിതന്മാരെ സംഘടിപ്പിക്കുന്നതിലുള്ള വൈഭവവും 'ആരാധനക്രമ വിജ്ഞാനകോശ'ത്തിലൂടെ വീണ്ടും വ്യക്തമായിരിക്കുന്നു.

മാർ ജേക്കബ് തൂങ്കുഴി
തൃശൂർ മെത്രാപ്പോലീത്ത.



ഒരോ വിഷയത്തിന്റെയും അവതരണത്തിൽ പുലർത്തിയിരിക്കുന്ന അവധാനതയും ആധികാരികതയുമാണ് ഈ ഗ്രന്ഥത്തിന്റെ മേൻമ.

മാർ ജോർജ് വലിയമറ്റം
തലശ്ശേരി മെത്രാപ്പോലീത്ത.



ആരാധനക്രമങ്ങളുടെ ആദ്യകാല ചരിത്രങ്ങളും പിന്നീടുണ്ടായ വികാസപരിണാമങ്ങളും താരതമ്യപഠനങ്ങളും ദൈവശാസ്ത്രദർശനങ്ങളും ലിറ്റർജിയിലെ സംജ്ഞകൾ, പോർച്ചുഗീസ്, സുറിയാനി പദാവലികൾ എന്നിവയുമൊക്കെ ഈ വിജ്ഞാനകോശത്തിന്റെ സവിശേഷതകളിൽ പെടുന്നതാണ്.

മാർ കുര്യാക്കോസ് കുന്നശ്ശേരി
കോട്ടയം മെത്രാൻ.



ഈ ഗ്രന്ഥം ആരാധനക്രമത്തിന്റെ ചരിത്രപരവും ദൈവശാസ്ത്രപരവും അജപാലനപരവുമായ ഭാഗങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു.

റൈറ്റ് റവ. ഡോ. സൂസ പാക്യം എം.
തിരുവനന്തപുരം ബിഷപ്പ്.

OIRSI VADAVATHOOR
SYRIAN CHURCHES SERIES XVIII

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

marggam
Digital Library of Christianity in India
www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org